# മിഷനിലേക്ക്

(പ്രഹസനം)



T62
M69

# മിഷനിലേക്ക്

(പ്രഹസനം)

DHARMARAM COLLEGE LIBRARY, BANGALORE.
2871
T.62
M6

പ്രസാധകർ:
ഫാത്തിമാ ബാലസംഘം
പ്രോവിഡൻസ് ഹൗസ്, ഇരിങ്ങാലക്കുട

വില 6 അണ.

യൂണിയൻ പ്രസ്സ്, മരിയാപുരം.

*Cum Permissu Superiorum.*

# രണ്ടു വാക്ക്

മിഷനിടലക്ക്: ഫാത്തിമാബാലസംഘത്തിന്റെ ലക്ഷ്യപ്രാപ്തിക്ക് പററിയ ഒരു ചെറുഗ്രന്ഥം. യഥാർത്ഥ മാതൃഭക്തി, മിഷൻ ചൈതന്യം—ഉടനീളം വെട്ടിത്തിളങ്ങുന്ന ഒരു കൊച്ചു കൃതി. പ്രായോഗിക മിഷൻ ചൈതന്യത്തിന്റെ സമഞ്ജസവും സമഗ്രവുമായ ഒരുപഗ്രഥനം. മിഷൻ ചൈതന്യരഹിതക്ക് കൈകണ്ട ഔഷധം.

ഫാത്തിമാ ബാലസംഘം. കാലോചിതമായ ഒരു നവപ്രസ്ഥാനം. ഒരു മരിയായുഗപ്പിറപ്പിന്റെ നാന്ദി. പ്രസ്ഥാനത്തിന്റെ വിശദ വിവരങ്ങളും അന്യത്ര. പ്രസാധകക്ക് അഭിനന്ദനങ്ങൾ. ഗ്രന്ഥത്തിന്ന് പ്രചുരപ്രചാരമാശംസിക്കുന്നു.

മരിയാപുരം,
29—3—1954.

ബ്രദർ മഞ്ഞളി.

# നടീനടന്മാർ

ജോണി

പോളി

ബാങ്ക് മാനേജർ

വികാരി അച്ചൻ

ലോനപ്പജ്യേഷ്ഠൻ

ഞ് ന്റോ

കുഞ്ഞുറിയ

ജോർജ്ജ്

പോളിയുടെ സഹോദരി

കുന്ത്യാദക്കാ

വേലക്കാരൻ മാത്തപ്പൻ

യാചകൻ

ക്ലാർക്ക്

വക്കീൽ

# മിഷനിലേക്ക്

## രംഗം ഒന്നു്

(പള്ളിമുററം. ജോണിയും ആൻേറായും സംസാരിച്ചുകൊണ്ടു നില്ക്കുന്നു.)

ആൻേറാ: ഒരു സന്തോഷവാത്തയുണ്ടു്.

ജോണി: സന്തോഷവാത്തയോ? കേൾക്കട്ടെ.

ആൻേറാ: മിഷനു് പോകുവാൻ അപ്പൻെറ അനുമതി ലഭിച്ചിരിക്കുന്നു.

ജോണി: ഉവ്വോ, നിൻെറ ഭാഗ്യം! അമ്മയെന്തുപറയുന്നു?

ആൻേറാ: സമ്മതിച്ചിട്ടില്ല; എങ്കിലും വികാരിയച്ചൻ പറഞ്ഞാൽ അമ്മ എതിരുപറയാൻ മുതിരുകയില്ല.

ജോണി: അടുത്തുതന്നെ പോകുമോ?

ആൻേറാ: രണ്ടാഴ്ചയ്ക്കുള്ളിൽ പോകാമെന്നാണു് എൻെറ പ്രതീക്ഷ.

ജോണി: ഏതു മിഷനിലേക്കാണു്?

ആൻേറാ: ബനാറീസ് മിഷനിൽ. നമ്മുടെ മണ്ണിൽതന്നെ മുളച്ചുവന്ന ഒന്നാമത്തെ മിഷൻ സംഘടനയാണു് അതു്. ഇതിൽചേന്നു്, എൻെറ വിനീത സേവനങ്ങൾവഴി, ഈശോനാഥൻെറ ആദ്ധ്യാത്മിക ദാഹത്തെ അല്പമെങ്കിലും ശമിപ്പിക്കണമെന്നാണു് എൻെറ എളിയ ആഗ്രഹം.

ജോണി: എന്നെ മറന്നുകളയരുതേ.

ആൻേറാ: ജോണിയെ മറക്കുകയോ!

ജോ: സൗകര്യമുള്ളപ്പോഴെല്ലാം നിങ്ങളുടെ മിഷൻ പ്രവത്തനങ്ങളെക്കുറിച്ചെല്ലാം എഴുതി അറിയിക്കണമെന്നു ആശിക്കുന്നു.

ആൻേറാ: അതിനു എനിക്കു വലിയ സന്തോഷമാണു്. എ

നിക്കവേണ്ടി ജോണി എല്ലാ ദിവസം പ്രാർത്ഥിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു. സത്യപ്രകാശം ലഭിക്കാത്ത ആദ്ധ്യാത്മികാന്ധകാരത്തിലും അന്ധാചാരങ്ങളിലും കഴിഞ്ഞുകൂടുന്ന അനേക സഹസ്രങ്ങളുണ്ടു നമ്മുടെ മാതൃഭൂമിയിൽ. അവരെല്ലാംതന്നെ ക്രിസ്തുമതത്തിലെ ആദ്ധ്യാത്മിക സമ്പത്തിൽ പങ്കുപററുവാനും അങ്ങനെ വി. തോമസ് അപ്പസ്തോലൻ തുടങ്ങിവച്ച മിഷൻവേല കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിനും ഇടവരട്ടെ.

ജോണി: സംശയിക്കേണ്ട; എൻെറ നിസ്സാര പ്രാർത്ഥനകളിലും പരിത്യാഗ കൃത്യങ്ങളിലും ഞാൻ ആൻേറായെ സ്മരിക്കുന്നതാണ്. മിഷനു പോകാൻ എനിക്കും ആഗ്രഹം തോന്നുന്നുണ്ട്. എന്നാൽ അതിനുള്ള പഠിപ്പോ അനുകൂല സാഹചര്യങ്ങളോ എനിക്കില്ലല്ലോ.

ആൻേറാ: അതിനെക്കുറിച്ച് നീ ആകുലനാകേണ്ട. നിന്നെ സംബന്ധിച്ചിടത്തോളം ദൈവത്തിൻെറ ഹിതം ഇതല്ലായിരിക്കാം.

ജോണി: ഇല്ല. എനിക്കു ദുഃഖമില്ല; മിഷൻവേലയിൽ നേരിട്ടു പ്രവർത്തിക്കാൻ സാധിച്ചില്ലെങ്കിലും പിന്നണിയിൽനിന്നു എനിക്കു കഴിവുള്ളതെല്ലാം ചെയ്യാവുന്നതാണല്ലോ.

(പോളിയും കറിയായും പ്രവേശിക്കുന്നു. ഒരു ചെടിക്കൊമ്പിനുവേണ്ടി അവർ ഇരുവരും വഴക്കുകൂടുകയാണ്. ജോണിയേയും ആൻേറായേയും അവർ കാണുന്നില്ല)

കറിയ: എടാ, എൻെറ ചെടി തരാനാ പറഞ്ഞത്.

പോളി: ആരുടെ ചെടി?

കറിയ: എൻെറ, വിട്ടു (പിടിച്ചുവലിക്കുന്നു)

പോളി: പള്ളിയിലെ തോട്ടത്തിൽനിന്നു ഒടിച്ചതല്ലേടാ?

കറിയ: നിൻെറ മുതലല്ലല്ലോ.

പോളി: വികാരിയച്ചനോടു ഞാൻ പറഞ്ഞേക്കാം.

കറിയ: എടാ, വികാരിയച്ചൻ എൻെറ തലയെടുക്കുമോടാ? വിടാനാ പറഞ്ഞത്. വിട്ട് (പിടിച്ചുവലിക്കുന്നു)

പോളി: ഇല്ലടാ.

കറിയ: കറിയാച്ചൂ ദേഷ്യംവന്നാലുംനല്ലോ.

പോളി: നീ എന്തു ചെയ്യുടാ, കാണട്ടെ. (കറിയ പിടിച്ചുവലിക്കുന്നു; രണ്ടുപേരും ഉരുണ്ടുവീഴുന്നു. ജോണിയും ആൻേറായും അവരെ സമീപിക്കുന്നു)

പോളി: എടാ വികാരിയച്ചൻ വരുന്നു (രണ്ടുപേരും എഴുന്നേററു ഓടുന്നു)

ആൻേറാ: ഈ കുട്ടികൾ ആരെല്ലാമാണ്?

ജോണി: ഒരാറം ബാങ്ക് മാനേജരുടെ മകനാണ്.

ആൻേറാ: ചെറുപ്പംമുതൽ ഇവർ വികൃതികളായി വളന്നാൽ ഇവരുടെ ഭാവി എന്തായിരിക്കും. ഇവിടെ ഒരു മിഷൻലീഗ് ഉണ്ടാക്കുന്നതു് നന്നെന്നു തോന്നുന്നു. കുട്ടികളിൽ മിഷൻ അഭിരുചി നാമ്പെടുക്കുന്നതോടൊപ്പം അവർ സുകൃതവാന്മാരും ആയിത്തീരും.

ജോണി: വികാരിയച്ചനോട് ചോദിച്ചു വേണ്ടതെല്ലാം ചെയ്യാം.

ആൻേറാ: വേറെ വിശേഷമൊന്നുമില്ല.

ജോണി: മിഷനുപോകുന്നതിനുമുമ്പ് വീണ്ടും കാണുവാൻ കഴിയുമോ?

ആൻേറാ: സൗകര്യമുണ്ടാകും. ഇപ്പോൾ നമുക്കു പിരിയാം; പ്രാൎത്ഥിക്കണം കേട്ടോ. (ആൻേറാ പോകുന്നു)

(ജോണി ആത്മഗതം ചെയ്യുന്നു)

കൊച്ചുനാളുമുതൽ മിഷനുപോകാൻ കൊതിക്കുകയും പ്രാൎത്ഥിക്കയും ചെയ്തുവന്ന ആൻേറാ ഒരു മിഷനറിയാവാൻ പോകയാണ്. ഒരു മിഷനറിയാകണമെന്നാണ് എൻെറ ആഗ്രഹവും. എന്നാൽ അതിനുള്ള വിദ്യാഭ്യാസമെനിക്കില്ല. അനുകൂല സാഹചര്യങ്ങളും ഇല്ല. എൻെറ മാതാപിതാക്കന്മാർ ദരിദ്രരാണ്. എൻെറ പഠനം മുടങ്ങിയപ്പോൾ എൻെറ പഠനച്ചിലവു നിൎവ്വഹിക്കാൻ ആരെങ്കിലും മുന്നോട്ടുവന്നിരുന്നെങ്കിൽ ഇപ്പോൾ എനിക്കും ആൻേറായുടെ കൂടെ മിഷനുപോകാൻ സാധി

കമായിരുന്നു. അതെല്ലാം ചിന്തിച്ചിട്ട് ഇപ്പോൾ എന്തു ഫലം! എന്നാൽ ഞാൻ ഇതുവരെ വേണ്ടിടത്തോളം ഉത്സാഹം പ്രദർശിപ്പിച്ചിരുന്നുവോ എന്നു സംശയിക്കണം. വികാരി അച്ചനോടു ഈ ആഗ്രഹം മുമ്പ് അറിയിച്ചിരുന്നുവെങ്കിൽ അദ്ദേഹം വേണ്ടതെല്ലാം ചെയ്യുമായിരുന്നില്ലേ? സാഹചര്യങ്ങൾ എത്രതന്നെ പ്രതികൂലമായിരുന്നാലും അവയെ എല്ലാം വെട്ടിമാററി ലക്ഷ്യത്തിലെത്തിക്കാൻ ദൈവത്തിനു സാദ്ധ്യമല്ലേ? നമ്മുടെ നിസ്സാര സഹകരണം മാത്രമാണ് അവിടുന്നു ആവശ്യപ്പെടുന്നത്. പരിശ്രമിച്ചുനോക്കാം. ഒരു മിഷനറി സഹോദരനെങ്കിലും ആയിത്തീരാൻ കഴിഞ്ഞെങ്കിൽ! (കുഞ്ഞേറിയ പ്രവേശിക്കുന്നു)

കുഞ്ഞേറിയ: എന്താ, പ്രധാനമന്ത്രിയുടെ ഗൗരവം തോന്നുമല്ലോ ജോണിയെ കണ്ടാൽ. ജോണി തലപുകഞ്ഞാലോചിക്കുന്ന ആ കാര്യം ഞാനും അറിയട്ടെ, പറയൂ.

ജോണി: അതെ, പ്രധാനമന്ത്രിയാവാൻതന്നെയാണ് എന്റെ ഉത്സാഹം.

കുഞ്ഞേറിയ: വളരെ കേമമാകും; എന്നെ മറക്കരുത്, കേട്ടോ. ഒരു ചെറിയജോലി കുഞ്ഞേറിയാക്കും തരണേ.

ജോണി: തീർച്ചയായിട്ടും. അതുപോകട്ടെ. നമ്മുടെ ആന്റോ മിഷനു പോകുന്ന വിവരം നീ അറിഞ്ഞോ?

കുഞ്ഞേറിയ: നിനക്കും പോയാൽ കൊള്ളാമെന്നുണ്ടാകും? അല്ലേ.

ജോണി: അതെ.

കുഞ്ഞേറിയ: നിനക്കു വേറെ തൊഴിലൊന്നുമില്ലേ? മിഷനറി, മിഷനറി! എല്ലാവർക്കും മിഷനു പോകാൻ സാധിക്കുമോ? കർത്താവ് എത്ര ആളുകളെ തെരഞ്ഞെടുത്തു? വെറും പന്ത്രണ്ടുപേരെ.

ജോണി: ആ പന്ത്രണ്ടു പേരിൽ എന്നെയും ഉൾപ്പെടുത്തിയിട്ടില്ലെന്നു ആരറിഞ്ഞു!

കുഞ്ഞേറിയ: പന്ത്രണ്ടാമത്തെ ആളായി പോയെങ്കിൽ നി

ന്റെ കാര്യം ബഹു 'പന്ത്'മാകും; വെളുക്കാൻ തേച്ചതു് പാണ്ടായാലൊ. പോരെങ്കിൽ നിനക്കു പഠിപ്പുണ്ടോ?

ജോണി: ശ്ലീഹന്മാർക്കു പഠിപ്പുണ്ടായിരുന്നോ ?

കുഞ്ചെറിയ: നീ ഇത്ര വലിയ അബദ്ധങ്ങൾ പറയുമെന്നു ഞാൻ വിചാരിച്ചില്ല. അക്കാലത്തു് അതുമതിയായിരുന്നു; എന്നു തന്നെയല്ല, വേദപാഠക്ലാസ്സിൽ പഠിച്ചതുപോലെ ശ്ലീഹന്മാരായി സാധാരണ തൊഴിലാളികളെ തെരഞ്ഞെടുത്തതു് സഭയുടെ ഉത്ഭവവും വളർച്ചയുമെല്ലാം ദൈവത്തിന്റെ ശക്തിമൂലമാണെന്നു കാണിക്കുന്നതിനായിരുന്നു. അതിനാൽ അക്കഥയോർത്തു് നീ ഇതിനു് തുനിയേണ്ട. നിനക്കു വേറെ ജോലിയില്ലെങ്കിൽ ഞാൻ തരാം ജോലി.

ജോണി: നിനക്കു കാര്യം പറയുമ്പോഴും തമാശയാണ്.

കുഞ്ചെറിയ: ഹേയ്, ഞാൻ ഗൗരവപൂർവ്വമാണ് സംസാരിക്കുന്നതു്. ആന്റേറ പോകുന്നതു് കാര്യമൊന്നു വേറെ, അവൻ പത്തു ക്ലാസ്സ് പഠിച്ചിട്ടുണ്ടു്. അവൻ ജനിച്ചതുതന്നെ മിഷനറിയാവാനാണ്. എന്നാൽ നിനക്കു ഈ ജന്മത്തിൽ അതു സാദ്ധ്യമല്ല; തീർച്ച. വേണമെങ്കിൽ വാതുകെട്ടാം.

ജോണി: എന്നാൽ എനിക്കു തോന്നുന്നതു് നേരെമറിച്ചാണ്.

കുഞ്ചെറിയ: തന്നെ തോന്നിയതല്ലേ, എന്നാൽ തെററിപ്പോയി. നിന്റെ ഇത്ര വലിയ ഭക്തിയും നന്നല്ല. എന്നെ കണ്ടു പഠിച്ചോ. കാലത്തൊരു കുർബ്ബാന, വൈകിട്ടൊരു കൊന്തയും, കഴിഞ്ഞു നമ്മുടെ ഭക്തി. എന്നാൽ ഇതിൽ എല്ലാവരും—കർത്താവും മാതാവും—എല്ലാവരും അടങ്ങിയിട്ടുണ്ടതാനും.

ജോണി: ഭക്തകൃത്യങ്ങൾ അധികം ചെയ്യുന്നവരെക്കുറിച്ചു നിനക്കു പുച്ഛമാണോ?

കുഞ്ചെറിയ: അതു് ഞാൻ പറഞ്ഞില്ല; പറയുകയുമില്ല: എന്നാൽ നിന്റെ ഈ പോക്കു് അത്ര നന്നല്ലെന്നാണ് എന്റെ വിനീതാഭിപ്രായം.

ജോണി: ഞാൻ സ്വർഗ്ഗത്തിൽ പോകേണ്ടെന്നാണോ നീ പറയുന്നത്?

കുഞ്ചെറിയ: നരകത്തിലേക്കു ആത്മാക്കളെ തള്ളിവിടുന്ന ജോലിയൊന്നും എനിക്കില്ല. ഞൻ അവിടേയ്ക്കൊട്ടുപോകാനും ഉദ്ദേശിച്ചിട്ടില്ല. വേറെ നല്ലജോലികൾ ചെയ്തു് ദൈവത്തെ സേവിക്കാം, അങ്ങനെ സ്വർഗ്ഗത്തിലേക്കുപോകാം. ദൈവം നമ്മിൽ നിന്നും അതാണ് ആവശ്യപ്പെടുന്നതു്. കലങ്ങിമറഞ്ഞിരിക്കുന്ന ഈ നൂററാണ്ടിന്നു് അതാണ് ആവശ്യവും.

ജോണി: അതെല്ലാം നീ എങ്ങനെ അറിഞ്ഞു?

കുഞ്ചെറിയ: ദൈവം തന്ന മൂളയില്ലേ അതു് ഉപയോഗിച്ചിട്ടു്. ഉള്ളകാര്യം ഞാൻ തുറന്നുപറയാം. ഞാൻ രാഷ്ട്രീയപ്രവത്തനത്തിന്നു് ഇറങ്ങാനാണ് ഉദ്ദേശിച്ചിരിക്കുന്നതു്—കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ പീതപതാകയിൻ കീഴിൽ അണിനിരന്നു മർദ്ദിതവർഗ്ഗങ്ങൾക്കുവേണ്ടി സമരം ചെയ്യാൻ.

ജോണി: അക്കാര്യത്തിൽ എനിക്ക് എതിരില്ല. സാധുക്കൾക്കുവേണ്ടി അദ്ധ്വാനിക്കുന്നതു് ഉത്തമമാണു്.

കുഞ്ചെറിയ: നീയും അതിൽ ചേരണമെന്നാണ് ഞാൻ പറയുന്നതു്. സീസറിനുള്ളതു് സീസറിനു കൊടുക്കുവിൻ എന്നു് ക്രിസ്തുനാഥൻ അരുൾചെയ്തിട്ടുണ്ടു്. അതിനു ഇപ്പോൾ ആളില്ല. അതുകൊണ്ടാണ് നീയും ഈ രംഗത്തു് പ്രവർത്തിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നതു്. സ്വർഗ്ഗത്തിലെല്ലാം ചെന്നുപററാം; ഭയപ്പെടേണ്ട.

ജോണി: നീ എന്നെ നിരത്തി കളിയാക്കുകയാണല്ലോ.

കുഞ്ചെറിയ: നീ തെററിധരിച്ചതാണ്. ഞാൻ പറഞ്ഞില്ലേ കാര്യബോധത്തോടെയാണ് ഞാൻ സംസാരിക്കുന്നതെന്നു്.

ജോണി: മിഷനു പോകാൻ കഴിയുമെന്നാണു് എൻെറ പ്രതീക്ഷ.

കുഞ്ചെറിയ: ഉറച്ചുകഴിഞ്ഞോ?

ജോണി: ഉവ്വ്.

കുഞ്ചെറിയ: ഇത്ര നിർബ്ബന്ധമാണെങ്കിൽ പൊയ്ക്കോ; എന്നാൽ ഒരു കാര്യം പറഞ്ഞേക്കാം. മിഷനു പോകുന്നുവെങ്കിൽ ഈശോനാഥൻെറ മുന്തിരിത്തോട്ടത്തിൽ ചുണയോടുകൂടി വേലചെയ്യണം. എൻെറ സംസാരം കേട്ടാൽ ഞാനൊരു ഒഴപ്പനാണെന്നു നിനക്കു തോന്നിയേക്കാം. എന്നാൽ അതല്ല വാസ്തവം. ഒരു കാര്യത്തിനു പുറപ്പെട്ടാൽ അതിനുവേണ്ടി അങ്ങേയററം പരിശ്രമിക്കുന്ന പ്രകൃതിയാണ് എനിക്കുള്ളതു്. ഞാൻ വിരുദ്ധ മുന്നണിയിൽ ചേർന്നു വെറുതെ ഇരിക്കാനല്ല പോകുന്നതു്. ഉണർവ്വോടും ഉശിരോടുംകൂടി പ്രവർത്തിക്കാനാണ്. എവിടെ പോയാലും ഏതു രംഗത്തായാലും ഈ ഉദ്ദേശ്യം എല്ലാവർക്കും ഉണ്ടായിരിക്കണമെന്നാണ് എൻെറ ആഗ്രഹം.

ജോണി: ഞാൻ നല്ലൊരു മിഷനറിയാകുവാൻ ശ്രമിക്കാം. കുഞ്ചെറിയ എനിക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

കുഞ്ചെറിയ: നല്ലൊരു മിഷനറിയാവുക വളരെ വിഷമകരമാണ്. എന്നാൽ ഞാൻ പറഞ്ഞ പ്രവർത്തനമോ ഒന്നാംക്ലാസ്സാണ്. സ്വർഗ്ഗത്തിലേയ്ക്കും പോകാം. വേണമെങ്കിൽ....

## രംഗം രണ്ടു്

(ജോണിയുടെ വീടു്. ജോണിയും സഹോദരൻ ജോർജ്ജും വായിച്ചുകൊണ്ടിരിക്കുന്നു. അല്പസമയം കഴിഞ്ഞു ജോണിയുടെ പിതാവു വന്നു ബെഞ്ചിന്മേൽ ഇരിക്കുന്നു.)

ലോനപ്പജ്യേഷ്ഠൻ: ജോർജ്ജ, ആ തീപ്പെട്ടി ഇങ്ങു കൊണ്ടുവന്നേ.

(ജോർജ്ജ് തീപ്പെട്ടി കൊടുക്കുന്നു. ലോനപ്പജ്യേഷ്ഠൻ ബീഡി വലിക്കുന്നു.)

(ലോനപ്പ: (ജോർജ്ജിനോടു്) നീ എന്താണ് വായിച്ചുകൊണ്ടിരിക്കുന്നതു്.)

ജോർജ്ജ്: പ്രേഷിതകേരളം.

ലോനപ്പ: അതു ഏതു പുസ്തകം? എന്റെ കാലത്തൊന്നും ഇങ്ങനെയൊന്നു കേട്ടിട്ടില്ലല്ലോ.

ജോർജ്ജ്: ചേട്ടൻ കൊണ്ടുതന്നതാ.

ജോണി: വേദപ്രചാരവേലയെക്കുറിച്ചുള്ള വിവരങ്ങളാണ് ഇതിൽ എഴുതിയിരിക്കുന്നത്.

ലോന: അതു നമുക്കെന്തിനാ? അച്ചന്മാർക്കല്ലേ അതുകൊണ്ടു ഉപയോഗം?

ജോർജ്ജ്: അല്ല അപ്പാ, ഇതിൽ എഴുതിയിരിക്കുന്നത് എല്ലാ കത്തോലിക്കരും മിഷനറിമാരാണെന്നാണ്.

ലോന: ഇതു ആരു പറഞ്ഞു? എന്നേക്കാൾ കൂടുതൽ അറിവു നിനക്കുണ്ടോ?

ജോർജ്ജ്: ഇതിൽ എഴുതിയിരിക്കുന്നതാണ്. ഞാൻ വായിക്കാം (വായിക്കുന്നു)

'അച്ചന്മാരുടെ ചുമതലയാണ് മാനസാന്തരവേലയെന്നും അതിൽ മററു കത്തോലിക്കർക്കു യാതൊരു പങ്കുമില്ലെന്നുമുള്ള തെററായൊരു ധാരണ പലരും വച്ചുപുലർത്തുന്നുണ്ട്'. എന്നാൽ മാർപ്പാപ്പമാരുടെ ചാക്രികലേഖനങ്ങൾ പരിശോധിച്ചാൽ ഇതിന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കാവുന്നതാണ്. എല്ലാവരും മിഷനറിമാരാണെന്നും മിഷൻ പ്രവർത്തനങ്ങളിൽ സഹായിക്കാൻ എല്ലാവർക്കും കടമയുണ്ടെന്നുമാണ് മാർപ്പാപ്പമാർ ഉൽബോധിപ്പിക്കുന്നത്. സഭയുടെ ഇതഃപര്യന്തമുള്ള ചരിത്രം പ്രസ്പഷ്ടമാക്കുന്നു അത്മായർ മിഷൻ പ്രവർത്തനത്തിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ടെന്ന്. എന്നാൽ നാടും വീടും വിട്ടു എല്ലാവരും സുവിശേഷപ്രസംഗത്തിനു പുറപ്പെടണമെന്നു ഇതുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടില്ല. നമ്മുടെ പ്രാർത്ഥനാപരിത്യാഗങ്ങൾ മിഷനുവേണ്ടി ചെയ്യുമ്പോൾ നാം വേദപ്രചാരവേലയിൽ പങ്കുകൊള്ളുകയാണ്. നമ്മുടെ ചില്ലികാശുകൾ മിഷൻപ്പെട്ടിയിൽ ഇട്ടു നിറയ്ക്കുമ്പോഴും നമ്മൾ മി

ഷൻ പ്രവൎത്തനം തന്നെയാണു ചെയ്യുന്നതു്. നമ്മുടെ ഉത്തമമായ ക്രിസ്തീയജീവിതം ഏററവും ശക്തിയായ മിഷൻ പ്രവർത്തനമാണു്.'

ലോനപ്പ: ഇത്തരനെയാണോ?

ജോണി: വലിയമററത്തെ ആന്റോ മിഷനുപോയി.

ലോന: അവന്റെ പഠിപ്പെല്ലാം കഴിഞ്ഞോ?

ജോണി: ഉവ്വ്. അവൻ ബനാറിസിലേക്കാണു പോയതു്.

ലോന: ഇപ്പോഠം ആ വീട്ടിൽനിന്നു രണ്ടുപേരായല്ലോ വേദപ്രചാരണത്തിനു പോകുന്നു. എന്റെ ചെറുപ്പകാലത്തു ഈ നാട്ടിൽനിന്നും ആരും പോയിട്ടില്ല. ഇവിടെനിന്നു അച്ചനായിട്ടു ആകെക്കൂടി ഒരാളാണു് ഉണ്ടായിരുന്നതു്.

ജോൎജ്ജ്: ഏതച്ചനാ?

ലോന: ചെറിയവീട്ടിലച്ചൻ.

ജോൎജ്ജ്: ചേട്ടനും മിഷനുപോണെന്നു എന്നോടു പറഞ്ഞു അപ്പാ.

ലോന: അവനു പ്രാന്തുണ്ടോ?

ജോണി: എനിക്കു പോകാൻ ആഗ്രഹമുണ്ടു്.

ലോന: നിനക്കോ? അതു നടക്കുമോ?

ജോൎജ്ജ്: ചേട്ടനു പ്രസംഗിക്കാനറിയോ?

ലോനപ്പ: നമ്മഠം സാധുക്കളാണു്, ജോണി.

ജോണി: അതിനെന്താ?

ലോന: പഠിപ്പും വേണമല്ലോ.

ജോണി: ഇവിടെ തൊഴിലാളികഠംക്കുവേണ്ടി ഒരു രാത്രിസ്കൂഠം നടത്തുന്നുണ്ടു്. അതിൽച്ചേൎന്നു പഠിക്കാം.

ലോന: ഫീസൊന്നും വേണ്ടേ?

ജോണി: വേണ്ടിവരും. മാസം മൂന്നു രൂപ വീതം തന്നാൽ മതി. രണ്ടു കൊല്ലത്തേക്കു മതി.

ലോന: ജോണി, നീ എന്താണു് ഇപ്രകാരം സംസാരിക്കുന്നതു്. നമ്മുടെ സ്ഥിതിഗതികഠം നീ മറന്നുകളഞ്ഞോ. അമ്മയും

സുഖമില്ലാതായതിനുശേഷം വളരെ രൂപ അതിനു ചിലവു ചെയ്യേണ്ടിവന്നു. വക്കിച്ചേട്ടനു കൊടുക്കാനുള്ള സംഖ്യ ഇതുവരെയും കൊടുത്തുതീർത്തിട്ടില്ല.

ജോണി: അപ്പനു വേറെ ആരെങ്കിലും രൂപ തരാതിരിക്കയില്ല.

ലോനൻ: ഞാൻ കടംചോദിച്ചു നാണംകെട്ടു. ഇനി ഞാൻ ആരോടും വായ്പ ചോദിക്കയില്ല. നീ ഇവിടെനിന്നു പോയാൽ ഇവിടത്തെ കാര്യങ്ങളന്വേഷിക്കാൻ ആളുവേണ്ടേ? പാടത്തെ പണിക്കും പറമ്പിലെ ജോലിക്കും ഞാൻ തന്നെ എന്തു ചെയ്യാനാണ്. സാധുക്കളായ നമുക്കൊന്നും ഇതിനു കടമയില്ല മോനെ.

ജോണി: ജോർജ്ജ് ഉണ്ടല്ലോ അപ്പനെ സഹായിക്കാൻ.

ജോർജ്ജ്: ചേട്ടനു മാത്രം മിഷനുപോയാൽ മതിയോ?

'പോ,യ്'(പുറത്തുനിന്ന്)'ഇവിടെ ലോനപ്പച്ചേട്ടൻഉണ്ടോ?'

ലോനൻ: ഉവ്വ് (ജോർജ്ജിനോട്) വാതിൽ തുറന്നു കൊടുക്കൂ.

ലോനൻ: ആരാ, കുരിയാക്കോ ചേട്ടനോ?

കുരിയാക്കോ: അപ്പനും മക്കളുംകൂടി എന്തു എടുക്കാ?

ലോനൻ:—ഞങ്ങൾ അതും ഇതും പറഞ്ഞു അല്പനേരം സംസാരിക്കയായിരുന്നു. ഇവിടെ ഇരിക്കുന്നേ. (കുരിയാക്കോ ബെഞ്ചിന്മേൽ ഇരിക്കുന്നു.)

ലോനൻ: എന്താ ഇങ്ങനെ പുറപ്പെടാമെന്നുവച്ചതു്?

കുര്യാ: ഞായറാഴ്ചയല്ലേ.

(ലോനപ്പച്ചേട്ടൻ ബീഡികൊടുക്കുന്നു. ജോണിയും ജോർജ്ജും പുറത്തുപോകുന്നു.)

ലോനൻ: ഇന്നത്തെ അച്ചന്റെ പ്രസംഗം!

കുര്യാ: അതേ വളരെ കേമമായിരുന്നു. അദ്ദേഹം ആരുടേയും മുഖംനോക്കി സംസാരിക്കാറില്ല. ഉള്ള കാര്യം തുറന്നുപറയുന്ന പ്രകൃതിയാണ്.

ലോനൻ: നമ്മുടെ മുതലാളിമാർക്ക് അതൊന്നും പിടിച്ചെന്നുവരില്ല.

കന്യ: തൊഴിലാളികൾക്ക ശരിയായ കൂലികൊടുക്കണമെന്നല്ലേ അദ്ദേഹം പറഞ്ഞുള്ളു.

ലോന: തൊഴിലാളികൾക്ക ജീവിക്കണമെന്ന കാര്യം അവരൊന്നു ഓർത്താൽ മതിയായിരുന്നു.

കന്യാ: എത്ര കിട്ടിയാലും മനുഷ്യനു തൃപ്തിവരികയില്ല. അതല്ലേ, നാട്ടിൽ കുഴപ്പങ്ങളും കലാപങ്ങളും.

ലോന: അച്ചൻ വീടുസന്ദർശനത്തിനു ഇറങ്ങുന്നുവെന്നു കേട്ടല്ലോ.

കന്യാ: ഇവിടെ വന്നില്ലേ; വീട്ടിൽ വന്നിരുന്നു സ്നേഹംനിറഞ്ഞ ഒരു പിതാവിനെപ്പോലെ നമ്മുടെ എല്ലാം കാര്യങ്ങളും ചോദിച്ചറിയുന്നു. അദ്ദേഹം പ്രാധാനമായി ഉപദേശിക്കുന്നതു് കഴിവുള്ളവരെല്ലാം എല്ലാ ദിവസവും കുർബ്ബാന കാണാൻ പോകണമെന്നാണ്. ശരിയല്ലേ? അടുത്തു പള്ളിയുള്ളപ്പോൾ കുർബ്ബാന കാണാൻ പോകുന്നതിനു അത്ര വലിയ ബുദ്ധിമുട്ടൊന്നുമുള്ളതല്ലല്ലോ.

ലോന: ഇപ്പോൾ പള്ളിയിൽ ആളുകൾ കൂടുതൽ വരുന്നുണ്ടു്.

കന്യാ: എൻെറ പിള്ളേരു എല്ലാവരും പള്ളിയിൽ പോകണമെന്നു ഞാൻ നിർബ്ബന്ധംവച്ചിരിക്കയാണ്.

ലോന. ഇവിടെ എൻെറ ജോർജ്ജുകുട്ടിക്ക മാത്രമേ അല്പം മടിയുള്ളു.

കന്യാ: ജോണിയെ ഞാൻ പള്ളിയിൽ എല്ലാ ദിവസവും കാണാറുണ്ടു്.

ലോന: കേട്ടില്ലേ; അവനു മിഷനു പോണനു്.

കന്യാ: വേദപ്രചാരത്തിനല്ലേ; നല്ല കാര്യം!

ലോന: എന്നാൽ ഇവിടെ കാര്യങ്ങൾ അന്വേഷിക്കാൻ ആളു വേണ്ടേ?

കന്യാ: അതും ശരിയാ. വലിയമററത്തെ ആൻേറാ പറഞ്ഞു കൊടുത്തതായിരിക്കണം.

ലോന: അവൻ മിഷനുപോയന്നു ജോണി പറഞ്ഞു.

കുര്യാ: അവൻ യാത്രപറഞ്ഞു പിരിയുമ്പോൾ ഞാനും അവിടെയുണ്ടായിരുന്നു. അവന്റെ അമ്മയും വീട്ടിലെ എല്ലാവരും വാവിട്ടുകരയുകയായിരുന്നു. ഇപ്പോഴൊന്നും വരാൻ സാധിക്കയില്ലെന്നാണു കേട്ടതു്.

ലോന: ഏതായാലും ജോണിയെ വിടാനൊന്നും ഞാൻ ഒരുക്കമില്ല.

കുര്യാ: അങ്ങനെ പെട്ടെന്നങ്ങു തട്ടിക്കളയാവുന്ന കാര്യാല്ല ഇതു്. ഒരു പക്ഷേ, ദൈവം ഈ കുടുംബത്തിനു നല്കാൻപോകുന്ന വലിയൊരു അനുഗ്രഹമായിരിക്കും ഇതു്. എന്നാൽ ഇക്കാര്യത്തിനു വീണ്ടും വീണ്ടും നിർബന്ധിക്കയാണെങ്കിൽ ഇതിനെക്കുറിച്ചു ചിന്തിച്ചാൽ മതി. അല്ലാ. അവന്റെ അരുചി ആറിത്തണുക്കുകയാണെങ്കിൽ പിന്നെ വിഷമിക്കാനുമില്ലല്ലോ.

ലോന: അതെ, അതു തന്നെയായിരിക്കും നല്ലതു്.

കുര്യാ: ഞാൻ ഇവിടത്തെ കറമ്പൻ കാളയെ കിട്ട്വോ എന്നറിയാൻ വന്നതാണു്. എന്റെ ചെമപ്പൻ ചടപ്പാണു്.

ലോന: അതിനൊരു വിഷമവുമില്ല; എന്റെ ഉഴവെല്ലാം കഴിഞ്ഞു. ആവശ്യമുള്ളപ്പോൾ കൊണ്ടുപോയ്ക്കോ.

കുര്യാ: എന്റെ മകൻ അന്തോണിയെ നാളെ ഞാൻ പറഞ്ഞയക്കാം.

ലോന: അതു മതി.

കുര്യാ: എന്നാൽ ഞാൻ പോകട്ടെ.



## രംഗം മൂന്ന്

(വികാരിയച്ചൻെറ മുറി. വേലക്കാരൻ മാത്തൻ മുറി അടിച്ചു വൃത്തിയാക്കുന്നു. അടിക്കുന്നതിനിടയിൽ:—

അച്ചൻ ഇത്രനേരമായിട്ടും പള്ളിയിൽനിന്നു വന്നില്ലല്ലോ. നമസ്കാരംതന്നെ നമസ്കാരം. ഞാൻ പല ഫാദർമാരുടെ കീഴിലും വേലചെയ്തിട്ടുണ്ട്. എന്നാൽ ഇതുപോലൊരച്ചനെ ഞാൻ കണ്ടിട്ടില്ല. ഭക്തിക്കുമൊരു അതിരുവേണ്ടേ? നേരം വെളുത്താൽ വൈകുന്നതുവരെ ജോലിയും. ആത്മാക്കളെ രക്ഷിക്കാനാണത്രേ. എന്നാൽ രാത്രി ഒന്നു നേരത്തെ കിടന്നുറങ്ങും; അതുമില്ല. മാത്തൻെറ സിനിമകാണലു നിന്നു. എല്ലാം ദിവസവും കുർബ്ബാന കാണണമെന്നു അച്ചൻെറ ഓർഡറും. ശരിയാണ് അച്ചൻ പറഞ്ഞതു്. തൊട്ട മുറിയിൽ കുർബ്ബാന ചൊല്ലുമ്പോഴും ഞാൻ പോത്തുപോലെ കിടന്നു ഉറങ്ങുന്നതു് വലിയ തെററല്ലേ. എനിക്കും വെരി ഗുഡ് ബോയി ആകണം. (ലോനപ്പജ്യേഷ്ഠൻ പ്രവേശിക്കുന്നു)

ലോന: വികാരിയച്ചനെ ഒന്നു കാണണം.

മാത്ത: പള്ളിയകത്താ.

ലോന: ഇപ്പോഴും വരികയില്ലേ?

മാത്ത: നമസ്കാരം കഴിഞ്ഞാൽ വരണം; എന്താ വിശേഷിച്ച് ഫാദറെ കാണാൻ?

ലോന: വേറൊന്നുമല്ല. എൻെറ മോൻ ജോണിയില്ലേ അവന് മിഷന് പോണത്രെ.

മാത്ത: ജോണിക്കോ?

ലോന: നമ്മുടെ സ്ഥിതിയെല്ലാം മാത്തനു അറിവുണ്ടല്ലോ.

മാത്ത: യെസ്; എനിക്കറിയാം. എന്നാൽ അവൻ നല്ല കൊച്ചനാട്ടോ.

ലോന: അവൻ പോയാൽ പറമ്പില് ജോലിചെയ്യാൻ ആളുവേണ്ടേ?

മാത്ത: അതെ, യെസ്.

ലോന: അവനാണെങ്കിൽ വേദപ്രചാരത്തിന്ന പോകാൻ വലിയ ആഗ്രഹവും.

മാത്ത: ഫാദർ ഈ വിവരമെല്ലാം അറിഞ്ഞു കാണണം.

ലോന: അച്ചൻ തടഞ്ഞാൽ അവൻ അതും പറഞ്ഞു എന്നെ അലട്ടുകയില്ലല്ലോ. (അച്ചൻ പ്രവേശിക്കുന്നു)

ലോന: ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ.

അച്ചൻ: ജോണിയുടെ അപ്പനല്ലേ?

ലോന: അതെ.

അച്ച: അവന്ന മിഷന്നപോകാൻ ആഗ്രഹമുണ്ടെന്നു കേട്ടല്ലോ.

ലോന: ഉവ്വ്; അതിനെക്കുറിച്ചു പറയാനാണ് ഞാൻ ഇവിടേക്കു വന്നതും.

മാത്ത: ഞാൻ പറഞ്ഞില്ലേ?

ഫാ: എന്ത്?

മാത്ത: അച്ചൻ വന്നതിന്നശേഷം തുടങ്ങിയതാ ഈ മിഷ്യനും കഷ്ടനമെല്ലാം.

അച്ച: ജോണിയെക്കുറിച്ചു എന്തു തീരുമാനമാണ് എടുത്തത്?

ലോന: അതു എങ്ങനെ നടക്കാനാണച്ചാ?

ഫാ: തീരെ നിസ്സാരമാക്കി കളയേണ്ടതല്ല അവന്റെ അഭിപ്രായം.

ലോന: എനിക്കൊരു സഹായത്തിന്ന അവനല്ലാതെ വേറെ ആരുമില്ല.

ഫാ: ജോർജ്ജോ?

ലോന. അവനൊരു കൊച്ചുകുട്ടിയല്ലേ?

ഫാ: നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയിൽ ജോണിയെ മിഷന്നു പറഞ്ഞയക്കാൻ എനിക്കും ആഗ്രഹമില്ല. എന്നാൽ അവന്ന ആഗ്രഹമുണ്ടെങ്കിൽ പിന്നീടു പോകാമല്ലോ.

ലോനാ: അവനും അതുതന്നെയാണ് പറഞ്ഞതു്. എന്നാൽ അവനെ സ്കൂളിലേക്കു അയക്കാനൊന്നും എനിക്കു കഴിവില്ല.

ഫാ: അതെല്ലാം നടന്നുകൊള്ളും. ബാങ്കുമാനേജർ മി. ജോസഫിനു ഇപ്പോൾ ഒരാളെ ആവശ്യമുണ്ട്. ആ ജോലി ജോണിക്കു കിട്ടും. ഭക്ഷണവും നിസ്സാരമായൊരു ശമ്പളവും ലഭിക്കാതിരിക്കയില്ല. ജോണിക്കു രാത്രി സ്കൂളിൽ പോയി പഠിക്കുന്നതിനും സൗകര്യമുണ്ടാകും.

ലോനാ: അവനെ മിഷനു പറഞ്ഞയക്കാൻ അവൻെറ അമ്മയ്ക്കും തീരെ ഇഷ്ടമില്ല.

ഫാ: അവനു ദൈവവിളിയുണ്ടെങ്കിൽ അതിനെ തടയുകയല്ല പ്രോത്സാഹിപ്പിക്കയാണു് വേണ്ടതു്. അമ്മയ്ക്കു മക്കൾ അടുത്തുണ്ടാകുവാനായിരിക്കും ആഗ്രഹമുണ്ടാവുക; എന്നാൽ ദൈവത്തിനുവേണ്ടി ആ ത്യാഗം ചെയ്യുന്നതിനു നമ്മൾ സന്നദ്ധരാകേണ്ടതല്ലേ.

മാത്ത: അച്ചോ, അവൻെറ അമ്മ എത്രനാളായി കാത്തിരിക്കുന്നുവെന്നോ അവൻെറ കല്യാണമൊന്നു കഴിച്ചുകാണാൻ.

അച്ച: നിനക്കു ഈവക വിചാരമേയുള്ളു.

മാത്ത: ഞാൻ പറഞ്ഞതിൽ ഒരു തെററുമില്ല. എത്ര പിള്ളേരുണ്ടു ഈ നാട്ടിൽ. ജോണിതന്നെ മിഷനു പോകണമെന്നുണ്ടോ?

ഫാ: ഇഷ്ടംപോലെ എല്ലാവർക്കും തെരഞ്ഞെടുക്കാവുന്നതാണോ ഈ ജീവിതം? മിഷനറിയുടെ ജീവിതത്തിൽ അനുഭവിക്കേണ്ടിവരാവുന്ന ക്ലേശങ്ങൾ സഹിക്കാൻ സന്നദ്ധതയുണ്ടാവണം; സർവ്വപ്രധാനമായി ദൈവവിളിയും വേണം. അല്ലാതെ ഇഷ്ടംപോലെ തെരഞ്ഞെടുക്കാവുന്നതല്ല ഈ ജീവിതാവസ്ഥ.

(ലോനപ്പജ്യേഷ്ഠനോടു) അവൻ നല്ലവനാണു്. ത്യാഗപൂർണ്ണമായ മിഷനറിയുടെ ജീവിതം അവനെ നിരാശപ്പെടുത്തുകയില്ല ഒരിക്കലും. ആനന്ദപ്രദമായിരിക്കും ആ ജീവിതം ജോണിക്ക്.

ലോനാ: അച്ചനു നിർബന്ധമാണെങ്കിൽ....

അച്ച: എന്നെ തൃപ്തിപ്പെടുത്തുവാൻവേണ്ടി ഇതു ചെയ്യണമെന്നില്ല. അവനു മിഷനു പോകാനുള്ള ആഗ്രഹമുണ്ടു്. അതുകൊണ്ടു ഞാൻ പറഞ്ഞതാണ്. ദൈവം അവനിൽനിന്നു പ്രതീക്ഷിക്കുന്നതും അതുതന്നെയാണെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതും.

ലോന: എനിക്കു വിരോധമില്ല അച്ചാ,

ഫാ: അതെ, ദൈവം നിങ്ങളുടെ കുടുംബത്തെ അനുഗ്രഹിക്കും. മക്കളിൽ ഒരാളെങ്കിലും മിഷനറിയാകുന്നതിനേക്കാൾ മാതാപിതാക്കന്മാർക്കു അഭിമാനിക്കാവുന്നതായി മറെറന്താണ് ഉള്ളതു്?

ലോ: അങ്ങനെ ചെയ്യാം. ഞാൻ പോകട്ടെ, ഈശോമിശിഹായും സ്തുതിയായിരിക്കട്ടെ. (പോകുന്നു)

മാത്ത: അച്ചൻ ഇങ്ങനെ എല്ലാവരെയും മിഷനു പറഞ്ഞയച്ചാൽ ഇവിടെ ആണുങ്ങളെ കാണാൻ വിഷമമാകും.

ഫാ: മാത്താ എത്രപേരുപോയി ഇവിടെനിന്നു്? അതെ, ആകെ ഒരാൾ. നിനക്കറിയാമോ ഓരോ ഉദ്യോഗത്തിനുവേണ്ടി വളരെ പേർ നാട്ടിൽനിന്നു പോയിട്ടുള്ളതു്; ഇപ്പോഴും പോയിക്കൊണ്ടിരിക്കുന്നതും. എന്നാൽ നമ്മുടെ മതം പ്രചരിപ്പിക്കാൻ എന്തുകൊണ്ടു നമ്മൾ വൈമുഖ്യം പ്രകടിപ്പിക്കുന്നു? നമ്മുടെ വിശ്വാസം സജീവമല്ല; അതിനു ചൂടില്ല; അത്രതന്നെ. വി. തോമാശ്ലീഹാ വന്നതിന്റെ 19–ാം ശതവത്സരം നാം ഘോഷിച്ചില്ലേ? എന്നാൽ എത്ര കത്തോലിക്കരുണ്ടു നമ്മുടെ മാതൃഭൂമിയിൽ? ഒരു ശതമാനമെന്നു ലജ്ജയോടും വിറയലോടുംകൂടി പറയണം.

മാത്ത: മാത്തനുണ്ടോ ഇതെല്ലാം മനസ്സിലാകുന്നു. എന്നാലും അച്ചൻ എന്തിനാ ഇത്രയധികം ബുദ്ധിമുട്ടുന്നേ? ഇവിടെ വിൻസെൻറ് ഡി പോളുണ്ടു്, സൊഡാലിററിയുമുണ്ടു്, അങ്ങനെ പലതും കൊക്കിക്കൊക്കി ചെറപ്പത്തിലേ ചത്തുപോകും. ഞാൻ പറഞ്ഞേക്കാം, തടിനോക്കി പണിയെടുക്കണം.

അച്ച: മാത്തനു ഇന്നു വേറെ ജോലിയൊന്നുമില്ലേ?

മാത്ത: ഞാൻ പോകുന്നു ചുമരുണ്ടെങ്കിലേ ചിത്രമെഴുതാനാവൂ. (പോകുന്നു)

(ഫാദർ മുറിയിൽ ഉലാത്തികൊണ്ടു ആത്മഗതം ചെയ്യുന്നു.)

രണ്ടായിരം വർഷങ്ങൾ കഴിഞ്ഞു ക്രിസ്തു തന്റെ സ്വർഗ്ഗീയ സന്ദേശം ലോകത്തിനു നല്കിയിട്ട്. എന്നാൽ ഇന്നും അവിടുത്തെ ദിവ്യാഹ്വാനത്തിനു ചെവികൊടുക്കാതെ കഴിയുന്ന നിരവധി സഹസ്രങ്ങൾ ഉണ്ട് ഭൂമുഖത്ത്. ക്രിസ്തുമതത്തിന്റെ ആരംഭകാലത്തുതന്നെ വിശ്വാസദീപം കതിരൊളി പരത്തുവാൻ തുടങ്ങി ഭാരതഭൂമിയിൽ. എന്നാൽ ഇവിടെ സഭയ്ക്കുണ്ടായിട്ടുള്ള പുരോഗതി പരിതാപകരമായ വിധത്തിൽ തീരെ നിസ്സാരമല്ലേ! കത്തോലിക്കരുടെതന്നെ ചൈതന്യരഹിതവും ദുർമാതൃകാപരവുമായ ജീവിതം ദൈവസ്നേഹമുള്ള ആരെയാണ് വേദനിപ്പിക്കാതിരിക്കുക! മനുഷ്യരുടെ നേരേയുള്ള സ്നേഹത്താൽ ദിവ്യസക്രാരിയിൽ പള്ളികൊള്ളുന്ന ഈശോനാഥനെ സന്ദർശിക്കുവാൻ വരുന്നവർ ചുരുക്കം പേർ മാത്രമാണെന്നതുതന്നെ കത്തോലിക്കരുടെ വിശ്വാസചൈതന്യത്തിന്റെ മാനദണ്ഡമാണ്. ഭാരം ചുമക്കുന്നവരും ക്ലേശമനുഭവിക്കുന്നവരും തന്റെ അടുക്കൽ വരുന്നതിനു അവിടുന്നു ആഗ്രഹിക്കുന്നു. എന്നാൽ രോഗികളെ സുഖപ്പെടുത്തുകയും ദുഃഖിതരെ ആശ്വസിപ്പിക്കയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്ത. സർവ്വശക്തനായ ആ ദൈവത്തിന്റെ പക്കലേക്കു നമ്മൾ ഓടി അടുക്കാത്തതു് എത്രയോ ദയനീയമാണ്. നശ്വരമായ സന്തോഷങ്ങളുടേയും ക്ഷണഭംഗുരമായ മഹിമപ്രാഭവങ്ങളുടെയും പിന്നാലെ പരക്കം പായുന്ന യുവലോകം ക്രിസ്തുവിന്റെ സ്നേഹത്തിൽ ആനന്ദം കണ്ടെത്തിയിരുന്നുവെങ്കിൽ ഹാ! അവർ അവസാനം നിരാശപ്പെടുകയില്ലായിരുന്നു. ഭാവിതലമുറയെങ്കിലും വിശ്വാസചൈതന്യമുള്ളതും ആദ്ധ്യാത്മിക മൂല്യങ്ങളിൽ അഭിനിവേശം കൊള്ളു

ന്നതുമായിത്തീരുവാൻ പരിശ്രമിക്കുന്നതുതന്നെയാണ് ഇതിനെല്ലാം ഉത്തമമായ പോംവഴി. ബാലഹൃദയങ്ങളിൽ മിഷൻചൈതന്യവും ദൈവസ്നേഹവും കത്തിവയ്ക്കുന്നതിനു കഴിഞ്ഞാൽ അതു സാധിക്കും. അങ്ങനെ ഭാവിതലമുറയെയെങ്കിലും നേർവഴിയിലൂടെ നയിക്കുവാൻ കഴിയുമല്ലോ. അതു തന്നെയായിരിക്കും നമുക്കു ചെയ്യാവുന്ന വലിയ സേവനം.

## രംഗം നാല്

(ബാങ്കുമാനേജരുടെ ഭവനം. പോളി തല ചീകിയിരിക്കുന്നു. ജോണി പുസ്തകം വായിച്ചുകൊണ്ടിരിക്കുന്നു. അല്പസമയം കഴിഞ്ഞതിനുശേഷം.)

ജോണി: പോളി വേദപാഠക്ലാസ്സിനു പോകുന്നില്ലേ, എത്ര നേരമായി ഒരുങ്ങിത്തുടങ്ങിയിട്ട്.

പോളി: ഞാൻ പോയില്ലെങ്കിൽ ജോണിച്ചേട്ടനെന്താ?

ജോണി: ഞാനാക്കാര്യമൊന്നു ഓർപ്പിച്ചുവെന്നേയുള്ളു.

പോളി: ഞാൻ വേദപാഠക്ലാസ്സിനു പോയില്ലെങ്കിൽ എന്താ, ജോണിചേട്ടൻ ഉപദേശമല്ലേ 24 മണിക്കൂറും. ചീപ്പു തലയിൽ വയ്ക്കുമ്പോഴേക്കും കുററം പറഞ്ഞുതുടങ്ങും,

ജോണി: നിൻെറ നന്മയ്ക്കുവേണ്ടി പറയുന്നതാണ്. നിനക്കു ഇഷ്ടമില്ലെങ്കിൽ ഇനി മുതൽ ഞാൻ പറയുകയില്ല.

(അടുത്ത മുറിയിൽനിന്നു്)

പോളി, ജോണി അവിടെയുണ്ടോ?

പോളി: ഉവ്വ് (കണ്ണാടിയും ചീപ്പും ഒളിച്ചുവയ്ക്കുന്നു.)

(പോളിയുടെ അപ്പൻ ബാങ്കുമാനേജർ പ്രവേശിക്കുന്നു.)

ബാങ്കുമാനേജർ: ജോണി, ഈ എഴുത്തുകളെല്ലാം ക്ലാർക്കിനെ ഏല്പിക്കണം. ഞാൻ എറണാകുളത്തേക്കു പോവുകയാണ്. രണ്ടു ദിവസം കഴിഞ്ഞേ വരികയുള്ളു.

ജോണി: ഞാൻ ബാഗ് പിടിക്കാം.

ബാങ്കമാനേ: വേണ്ട, ഇതിന്ന അത്ര ഘനമൊന്നുമില്ല. (പോകുന്നു.)

പോളി: അപ്പൻ പോയല്ലോ. ഞാനൊരു കാര്യം പറയാം. ജോണിച്ചേട്ടൻ സമ്മതിക്കുമോ?

ജോണി: ഉവ്വ്, സമ്മതിക്കാം.

പോളി: നമുക്ക ഇന്നു സിനിമയ്ക്കു പോകാം; മാററിനിക്ക്.

ജോണി: നീ എന്താണീപ്പറയുന്നത്. നിനക്ക വേദപാഠക്ലാസ്സിന്നു പോകേണ്ടതല്ലേ?

പോളി: അതിന്നു ഇനിയും പോകാം. ജോണിച്ചേട്ടന്നു ടിക്കററ ഞാൻ വാങ്ങിച്ചുതരാം.

ജോണി: വേണ്ട പോളി, അതു നല്ലതല്ല. നീ ഇത്ര വലിയ സൂത്രക്കാരനാണെന്നു ഞാൻ മനസ്സിലാക്കിയിരുന്നില്ല. കളിക്കാനുള്ള ഉത്സാഹം വേദപാഠക്ലാസ്സിൽ പോകുന്നതിന്നു കാണിക്കാറില്ലല്ലോ?

പോളി: ഇന്നു മാത്രം മതി.

ജോണി: എന്നാൽ അമ്മയോടു അനുവാദം ചോദിക്ക്.

പോളി: അമ്മ അനുവദിക്കില്ല.

ജോണി: എന്തുകൊണ്ടാണ് അമ്മ അനുവദിക്കാത്തതെന്നോ. കർത്താവിൻെറയോ വിശുദ്ധന്മാരുടേയോ ചരിത്രമല്ല അവിടെ കാണിക്കുന്നതെന്നു അമ്മയ്ക്കറിയാം. കുട്ടികളുടെ നിർമ്മലഹൃദയങ്ങളെ കളങ്കപ്പെടുത്തുന്ന പല ചിത്രങ്ങളും അവിടെ പ്രദർശിപ്പിക്കുന്നു എന്നതാണ് വാസ്തവം.

പോളി. ഇനി ഞാനൊരിക്കലും പോവുകയില്ല. ഇന്നു ജോണിച്ചേട്ടൻ വരണം.

ജോണി: ഞാനില്ല. വേദപാഠക്ലാസ്സിനാണെന്നു പറഞ്ഞു സിനിമയ്ക്കുപോവുക, മാതാപിതാക്കന്മാർ കണ്ടില്ലെങ്കിലും ദൈവം ഇതെല്ലാം നോക്കിക്കൊണ്ടിരിക്കുന്നുവെന്ന വാസ്തവം പോളി മറക്കരുത്. നീ പോവുകയാണെങ്കിൽ ഞാൻ നിൻെറ അമ്മയെ വിവരം ധരിപ്പിക്കും.

പോളി: ചെന്നു കേസ് കൊടുക്ക്. ഇതു പറയേണ്ടിയിരുന്നില്ല.

ജോണി: നിൻെറ നന്മയെ ലാക്കാക്കിയാണ് ഞാൻ പറഞ്ഞതു്. നീ നല്ല കുട്ടിയാണെങ്കിൽ നിൻെറ അപ്പനും അമ്മയ്ക്കും എത്ര ആനന്ദകരമായിരിക്കും അതു്. നിനക്കും അതു നല്ലതു തന്നെ.

പോളി: മതി, ഒരു പുണ്യാളൻ! (പോളിയുടെ സഹോദരി പ്രവേശിക്കുന്നു.)

സഹോദരി: നീ വേദപാഠക്ലാസ്സിനു പോകുന്നില്ലേ?

പോളി: വന്നു ഒരു കന്യാസ്ത്രീമറിയം!

സഹോദരി: നിൻെറ കുററങ്ങൾ പറയുന്നവരെ നിനക്കു കണ്ണിപ്പിടിക്കയില്ല അല്ലേ?

പോളി: പ്രാൎത്ഥന ചൊല്ലുമ്പോൾ മുട്ടമ്മേനിന്നു ഉറക്കംതൂങ്ങുന്ന പുതിയ തരം പുണ്യാളത്തി!

സഹോ: ചുമരുചാരി ഇരുന്നു ഉറങ്ങുന്നതു നീ തന്നെയല്ലേ?

ജോണി: ഇനി താമസിക്കേണ്ട, ഞാനും കൂടെ പോരാം.

പോളി: എനിക്കു തനിയെ പോകാൻ അറിയാം.

ജോണി: നേരിട്ടു പള്ളിയിലേക്കു പോകണംകെട്ടോ.

(പോളി ഓടിവന്നു ജോണിയെ അടിക്കുന്നു.)

സഹോദരി: നീ എന്താ ചെയ്തതു്? ഞാൻ അമ്മയോടു പറഞ്ഞുകൊടുക്കാം. (പോളിയും സഹോദരിയും പോകുന്നു.)

ജോണി: കുട്ടികൾ വികൃതിത്തരങ്ങൾ ചെയ്യുന്നതിനു എന്തെല്ലാം ഉപായങ്ങളാണ് കണ്ടുപിടിക്കുന്നതു്. സുകൃതങ്ങൾ അഭ്യസിക്കുന്നതിന് അതുപോലെയുള്ള ഉത്സാഹം കാണിച്ചിരുന്നുവെങ്കിൽ. പോളി വികൃതിയാണെങ്കിലും അവനെയൊരു സുകൃതിയാക്കുക വിഷമമുള്ളതല്ല. അല്പസമയം എടുക്കുമായിരിക്കും. അവനോടു സ്നേഹത്തോടുകൂടി പെരുമാറി അവൻെറ ഹൃദയത്തെ വശീകരിക്കണം. ഈശോനാഥാ, അവൻ ഒരു ഉത്തമകത്തോലിക്കനായിത്തീരുന്നതിനു, അതെ, ഒരു മിഷനറി വൈദികനായിത്തീരുന്നതിനു വേണ്ട സഹായം നല്കേണമേ!

## രംഗം അഞ്ച്

(പോളിയും സഹോദരിയും വായനമുറിയിൽ)

പോളി: വരുന്നുണ്ട് പുണ്യാളൻ.

സഹോദരി: നീ എന്തിനാണ് പാവങ്ങളെ കളിയാക്കുന്നത്?

പോളി: ഞാൻ കളിയാക്കുകയല്ലല്ലോ.

(ജോണി പ്രവേശിക്കുന്നു)

ജോണി: പോളി നിന്നെ പള്ളിസ്കൂളിൽ കണ്ടില്ലല്ലോ. നിന്റെ പ്രായക്കാരായിരുന്നു വന്നവരിൽ അധികംപേരും.

സഹോദരി: അവനു വീട്ടിനുള്ളിലിരുന്നു വഴക്കടിക്കാനേ അറിയൂ; എത്ര കുട്ടികൾ മിഷൻ ലീഗിൽ ചേരുന്നു.

ജോണി: വടക്കേലെ വിൻസെന്റും ചേർന്നിട്ടുണ്ട്. അവനാണ് മരിയാ ഗൊരേത്തി ഗ്രൂപ്പിന്റെ ലീഡർ. എല്ലാവരും വലിയ ഉത്സാഹം കാണിക്കുന്നുണ്ട്.

പോളി: എനിക്ക നിങ്ങളുടെ ലീഗും വേണ്ട ബാഗും വേണ്ട.

ജോണി: നീയും ചേരണം പോളി. മിഷനുവേണ്ടി പലതും നമുക്ക പ്രവർത്തിക്കാൻ സാധിക്കും. ഈ ഇടവകയിലെ എല്ലാ കുട്ടികളെയും ഇതിൽ ചേർക്കണം.

സഹോദരി: അടുത്ത തവണ തുടങ്ങി പോളിയും പോകണം.

(തപാൽശിപായി കടന്നുവരുന്നു)

ശിപായി: എൻ. എൽ. ജോൺ ഇവിടെയുണ്ടോ ?

ജോണി: ഉവ്വ്.

തപാൽ: ഒരെഴുത്തുണ്ട്. (കൊടുക്കുന്നു; ജോണി വായിക്കുന്നു.)

പോളി: (ശിപായിയോട്) തൊപ്പിയെല്ലാമായല്ലോ. എനിക്ക പഴയ മണിഓർഡറുണ്ടോ ?

ശിപായി: നിനക്ക അതേ കിട്ടുകയുള്ളു.

സഹോദരി: നീ ആ സാധുവിനെയും കളിയാക്കി. നിനക്ക ആരുടെ കയ്യിൽനിന്നെങ്കിലും തട്ടു കിട്ടാതിരിക്കയില്ല.

പോളി: ആരുടെ എഴുത്താ ?

ജോണി: ഒരു മിഷനറിയുടെ; വലിയമഠത്തെ ആൻറോയുടെ.

സഹോദരി: ഞങ്ങളും കേൾക്കട്ടെ.

ജോണി: ഇതാ, പോളി വായിയ്ക്കട്ടെ.

(പോളി ഉച്ചത്തിൽ വായിക്കുന്നു)

കാശി,

20—12—1953

പ്രിയപ്പെട്ട സ്നേഹിതാ,

സദയം അയച്ച എഴുത്തുകിട്ടി. മിഷനു പോകുന്നതിനു സ്നേഹിതൻ പരിശ്രമിച്ചുവരുന്നുവെന്നറിയുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. എൻെറ പ്രാൎത്ഥനകളിൽ സ്നേഹിതനെ സ്മരിക്കുന്നുണ്ട്.

മിഷൻപ്രവൎത്തനങ്ങളിൽ ഞങ്ങൾക്ക അനുഭവപ്പെട്ട വസ്തുതകളെ ആധാരമാക്കി ചിലതെല്ലാം എഴുതാമെന്നു വിചാരിക്കുന്നു.

ഞങ്ങൾ പതിവുള്ളപോലെ, കഴിഞ്ഞ ശനിയാഴ്ച സാധു ഭവനങ്ങൾ സന്ദർശിക്കാനായിറങ്ങി. പല രോഗികൾക്കും ഞങ്ങൾ മരുന്നുകൊടുത്തു. മററു പലക്കും ഞങ്ങൾ ചില ഭക്ഷണസാധനങ്ങളും നൽകി. അവസാനം മറെറാരു സാധുഗൃഹത്തിൽ എത്തി. വൃത്തിഹീനമായിരുന്നു ആ വീട്. അതിനുള്ളിലേയ്ക്ക് കടന്നുചെല്ലുവാൻ ഞങ്ങൾക്ക വലിയ വിഷമം തോന്നത്തക്കവിധത്തിൽ അത്രമാത്രം ദയനീയമായിരുന്നു അതിലെ സ്ഥിതി. എന്നാൽ പാപികളുടേയും അവശരുടേയും കുഷ്ഠരോഗികളുടേയും സ്നേഹിതനായ ഈശോയുടെ ദിവ്യമാതൃക അതിലേക്ക് ഞങ്ങളെ തള്ളിനീക്കി. മുപ്പതു വയസ്സ് പ്രായംവരുന്ന ഒരാൾ കാലിൽ വ്രണംമൂലം അവിടെ നിസ്സഹായനായി കിടന്നിരുന്നു; അതിൽനി

ന്നു് ദുർഗന്ധം വമിച്ചിരുന്നു. ഭക്ഷണം കഴിച്ചിട്ടു ഒന്നുരണ്ടു ദിവസമായെന്നു അയാളെ കണ്ടപ്പോൾ എളുപ്പം ഞങ്ങൾക്കു മനസ്സിലായി. ഞങ്ങളുടെ പക്കലുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ അദ്ദേഹത്തിൻെറ മുമ്പിൽ നിരത്തിവച്ചു. ആത്തിയോടെ അയാൾ അതു ഭക്ഷിക്കാൻ തുടങ്ങി. ഇതിനിടയിൽ ഞങ്ങളിൽ ഒരാൾ അദ്ദേഹത്തിൻെറ ചീഞ്ഞുനാറുന്ന ആ വ്രണം കഴുകിത്തുടയ്ക്കാൻ സങ്കോചം തെല്ലും കാണിച്ചില്ല. ഞങ്ങളുടെ സ്നേഹനിർഭരവും കരുണാമസൃണവുമായ ശുശ്രൂഷയേററ ആ സാധു സന്തോഷത്തോടെ ചോദിക്കുകയാണു്, ഞങ്ങൾ എവിടത്തുകാരാണെന്നും എന്തിനാണു് അവിടേക്കു ചെന്നതെന്നും. പാപത്താൽ മലിനമായിത്തീന്ന ലോകത്തെ രക്ഷിക്കാൻ വന്ന ഈശോനാഥൻെറ അനുയായികളാണു് ഞങ്ങളെന്നു പറഞ്ഞപ്പോൾ ഉടനെ അയാൾ ചോദിക്കയാണു്: അദ്ദേഹം ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടോയെന്നു്. ആ സത്യമൂർത്തി കുരിശിൽ മനുഷ്യർക്കുവേണ്ടി ജീവാർപ്പണം ചെയ്തിട്ടു് രണ്ടായിരം വർഷങ്ങൾ കഴിഞ്ഞെന്നു അയാൾ ശ്രവിച്ചപ്പോൾ വിസ്മയത്തോടെ ചോദിക്കയാണു് ഇതുവരെയും നിങ്ങൾ എവിടെ ആയിരുന്നുവെന്നു്.

ഞങ്ങളെ തട്ടിയുലച്ച ഒരു ചോദ്യമായിരുന്നു അതു്. ഭാരതത്തിലെ ബഹുസഹസ്രങ്ങൾ ദാഹിക്കയാണു് സമാധാനത്തിനുവേണ്ടി, ഇരക്കുകയാണു് സത്യത്തിനുവേണ്ടി. ആ രോഗി അതാണു് പ്രകടമാക്കിയതു്. എന്നാൽ നമ്മളിതുവരെ അവരുടെ അഭ്യർത്ഥനയെ അവഗണിച്ചുകളഞ്ഞു. ഇനിയെങ്കിലും അക്ഷന്തവ്യമായ ഈ അപരാധത്തിനു മാപ്പു ചോദിക്കയും കൂടുതൽ തീക്ഷ്ണതയോടുകൂടി ക്രിസ്തുവിനു ഭാരതത്തെ നൽകുവാൻ നമുക്കു ശ്രമിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അതു നമ്മുടെ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത ചുമതലയാണു്. കേരളത്തിലെ ഓരോരുത്തരുടേയും ഗൗരവാവഹമായ കർത്തവ്യമാണിതു്. കത്തു ദീർഘിച്ചു പോയതിൽ

ക്ഷമിക്കണം. എന്നാൽ ഇതുവഴിയായി എന്തെങ്കിലും ഉപകാരമുണ്ടാകുമെങ്കിൽ ഞാൻ കൃതാൎത്ഥനായി.

എന്നു് പ്രാൎത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആൻറോ.

സഹോദരി: വളരെ നന്നായിരിക്കുന്നു.

ജോണി: ഈ എഴുത്തു് വായിക്കുന്ന ആരിലാണു് മിഷനറു പി പൊട്ടിമുളയ്ക്കാതിരിക്കുക. ഇതു മിഷൻലീഗ് കുട്ടികളെ വായിച്ചു കേൾപ്പിക്കണം.

സഹോദരി: ഞാൻ ഇതു അമ്മയെ കാണിച്ചുകൊടുക്കട്ടെ.

(എഴുത്തു കൊണ്ടുപോകുന്നു)

ജോണി: അപ്പച്ചൻ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

പോളി: മേശപുറത്തു വച്ചിരിക്കുന്ന എഴുത്തെല്ലാം പോസ്റ്റ് ചെയ്യാൻ പറഞ്ഞിട്ടുണ്ടു്.

ജോണി: ഞനതു ഇപ്പോഴംതന്നെ ചെയ്തേക്കാം.

(പോകുന്നു)

(പോളി ചിന്താമഗ്നനായി അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു) ആ എഴുത്തു്—ജോണിച്ചേട്ടൻ—മിഷൻലീഗ്! അതെ, അവരെപ്പോലെ എന്തുകൊണ്ടു് എനിക്കും മിഷനറി ആയിക്കൂടാ. ജോണിച്ചേട്ടനും സഹോദരിയും എല്ലാം ദിവസവും പള്ളിയിൽ പോകുന്നുണ്ടെങ്കിൽ എനിക്കും അതു അസാദ്ധ്യമാണോ? ജോണിച്ചേട്ടനെ ഞാൻ വളരെ പ്രാവശ്യം ഉപദ്രവിച്ചു; എന്നിട്ടും എന്നോടു് എത്ര സ്നേഹമാണു് കാണിക്കുന്നതു്. ഇന്നു തുടങ്ങി നല്ലവനായി എനിക്കും നടക്കണം.

എന്നാൽ കൂട്ടുകാർ എന്നെയും പുണ്യാളൻ എന്നു വിളിച്ചു കളിയാക്കുകയില്ലേ?...........

അതുകൊണ്ടു് എന്താ? കാണിച്ചുകൊടുക്കും സഹോദരിയേക്കാളും നല്ലവനാണു് ഞാനെന്നു്. മിഷൻ ലീഗിലും ചേരണം. എൻെറ കൂട്ടുകാരെയും അതിലേയ്ക്കു കൊണ്ടുവരണം.

(വിൽസൺ പ്രവേശിക്കുന്നു)

വിൽസൺ: കളിക്കാൻ പോരുന്നില്ലേ ?

പോളി: ഇന്നു ഞാനില്ല.

വിൽസൺ: ഇതു വലിയ അത്ഭുതമായി തോന്നുന്നുവല്ലോ. കാക്ക മലന്നു പറക്കും, തീർച്ച.

പോളി: ഞാൻ നേരാ പറഞ്ഞതു്.

വിൽസൺ: മററുള്ളവർ നമുക്കുവേണ്ടി കാത്തു നില്ക്കുന്നുണ്ടായിരിക്കും. വീരൻ ഇന്നു പുതിയ ബോളു കൊണ്ടുവരാമെന്നു് പറഞ്ഞിട്ടുണ്ടു്.

പോളി: ഉവ്വോ.

വിൽസൺ: ഇന്നു നമുക്കു മത്തപ്പനു ഒരു ഗോളെങ്കിലും കൊടുക്കണം. അവനെ ഇന്നു ഞാൻ കാലുവച്ചു വീഴിക്കും. വേഗം പോകാം, വിസിലും എടുത്തോ.

പോളി: എന്നാൽ ഇതാവരുന്നു.

## രംഗം ആറു്

(ബാങ്കു് ക്ലാർക്കും ജോണിയും സംസാരിച്ചുകൊണ്ടിരിക്കുന്നു.)

ക്ലാർക്ക്: ജോണി അല്പം പിൻതിരിപ്പൻ—പഴഞ്ചനാണെന്നാണു് പലരും പറയുന്നതു്.

ജോണി: നിങ്ങളുടെ അഭിപ്രായവും അതുതന്നെയാണോ?

ക്ലാർക്ക്: എനിക്കും വേറൊരഭിപ്രായം തോന്നിയിട്ടില്ല.

ജോണി: അതിൽ തെററുണ്ടോ; നിങ്ങൾക്കു അതുകൊണ്ടു് യാതൊരു ഉപദ്രവവുമില്ലല്ലോ.

ക്ലാർക്ക്: കാലത്തിനൊത്ത പുരോഗതി നമുക്കും ഉണ്ടാകണം.

ജോണി: പിൻതിരിപ്പന്മാരായി ചിലരുള്ളതുകൊണ്ടല്ലേ നിങ്ങളെ പരിഷ്ക്കാരികളായി ലോകം പരിഗണിക്കുന്നതു് ?

ക്ലാർക്ക്: പ്രായത്തിനും പരിതസ്ഥിതികൾക്കും ഒത്തവണ്ണം

ചില പരിപാടികൾ സ്വീകരിക്കണം. ചിലതു ഉപേക്ഷിക്കയും വേണം.

ജോണി: നന്മയായിട്ടുള്ളതെന്തും സ്വീകരിക്കാൻ ഞാൻ ഒരുക്കമാണ്.

ക്ലാക്ക്: മനുഷ്യർക്ക് പുണ്യം വേണം; എന്നാൽ അതിനു ലിമിററ് വേണമെന്നേ ഞാൻ പറയുന്നുള്ളൂ.

ജോണി: മനുഷ്യർ പണം സമ്പാദിക്കുന്ന കാര്യത്തിലൊന്നും ലിമിററ് വയ്ക്കാറില്ലല്ലോ. നശ്വരമായ ഈ സമ്പത്തിനുവേണ്ടി പരിശ്രമിക്കുന്നുവെങ്കിൽ നമ്മുടെ ആത്മരക്ഷയ്ക്കുവേണ്ടി— സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാക്കുന്നതിനുവേണ്ടി— നമ്മൾ ജാഗരൂകരായിരിക്കേണ്ടതല്ലേ? മനുഷ്യന്റെ അന്ത്യം എന്താണെന്നു ഗൗരവപൂർവ്വം ചിന്തിക്കാത്തതാണ് ഇത്തരം വാദഗതികൾ ഉന്നയിക്കുന്നതിനു കാരണമെന്നു എനിക്കു തോന്നുന്നു.

ക്ലാക്ക്: അതു അത്ര ചിന്തിക്കാനുണ്ടോ? രണ്ടു കാലുകളല്ലേ മനുഷ്യന്റെ അവസാനം?

ജോണി: അങ്ങനെയെങ്കിൽ നിങ്ങൾ പറയുന്നതനുസരിച്ച് സുകൃതം അഭ്യസിക്കുന്നതെല്ലാം അനാവശ്യമാണ്. കാലു തങ്ങിയിരിക്കുന്ന ഉദരത്തിന്റെ പ്രശ്നമായിരിക്കും അപ്പോൾ ഉണ്ടാവുക.

ക്ലാക്ക്: ഓ, ശരി, മനുഷ്യന്റെ ലക്ഷ്യം ആത്മാവിന്റെ രക്ഷയാണ്; സമ്മതിക്കുന്നു.

ജോണി: ഈവിധത്തിൽ ചിന്തിക്കയാണെങ്കിൽ എന്നോടു യോജിക്കേണ്ടിവരും നിങ്ങൾക്കും.

ക്ലാക്ക്: ആത്മാവിനെ രക്ഷിക്കണം. അതു കുറച്ചു പ്രായംചെന്നതിനുശേഷം മതിയല്ലോ. ഈ പ്രായത്തിൽ എന്തിനു ബദ്ധപ്പെടുന്നു? പരീക്ഷയടുക്കുന്നതിനുമുമ്പു കുറച്ചു ദിവസങ്ങൾ ഉത്സാഹപൂർവ്വം പഠിക്കുകയാണെങ്കിലും ജയിക്കാം. അതുപോലെ ജീവിതാന്ത്യത്തിലും ചെയ്താൽ മതിയല്ലോ ആത്മരക്ഷക്കായി.

ജോണി: നിങ്ങളുടെ ചിന്താഗതി വിചിത്രം തന്നെ. പരീക്ഷയും മരണവും തമ്മിൽ എന്തു ബന്ധമാണുള്ളത്. പരീക്ഷയുടെ ദിവസം അറിയാവുന്നതുകൊണ്ടു നമുക്കു ഒരു പക്ഷേ ഒരുങ്ങി തയ്യാറാവാം. എന്നാൽ മരണം എന്നു സംഭവിക്കുമെന്നു ആർക്കെങ്കിലും അറിവുണ്ടോ?

ക്ലാർക്ക്: ആധുനികമനുഷ്യർ ഇതൊന്നും ചിന്തിക്കാറില്ല.

ജോണി: അതുകൊണ്ടു നാശം സംഭവിക്കുന്നതും അവർക്കു തന്നെയായിരിക്കുമല്ലോ. ആധുനികമനുഷ്യനെന്നു അഭിമാനിക്കുന്നവർ ഇത്ര ഭോഷന്മാരായിപ്പോയി എന്നു തന്നെയല്ല, ആദ്ധ്യാത്മികമൂല്യങ്ങളിൽ വിലയിരുത്തി അതനുസരിച്ച് ജീവിക്കുന്നവരെ കുററപ്പെടുത്തുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനും അവർ ഒട്ടും മടികാണിക്കുന്നുമില്ല. ഞാൻ ഒരു കാര്യം പറഞ്ഞേക്കാം: കത്തോലിക്കനാണെങ്കിൽ യഥാർത്ഥകത്തോലിക്കനെപ്പോലെ ജീവിക്കണം. ആദർശശുദ്ധിയുള്ളവർ അതാണു ചെയ്യുക. പരിഷ്ക്കാരത്തിൻെറ പേരുംപറഞ്ഞു ആദർശങ്ങളെ അലങ്കോലപ്പെടുത്തുവാൻ മുതിരുകയില്ല.

ക്ലാർക്ക്: എനിക്കു അക്കാര്യത്തിൽ എതിർപ്പില്ല. ഞായറാഴ്ച പള്ളിയിൽ പോകണം; ബാക്കി കാര്യങ്ങൾ ഇഷ്ടാനുസരണംചെയ്യുന്നതിനു സാധിക്കണം.

ജോണി: ഇതു തന്നെയാണ് പലരുടേയും തെററായ ചിന്താഗതി. ഞായറാഴ്ച മാത്രം പള്ളിയിൽപോയി ഉത്തമകത്തോലിക്കരെന്നു പറഞ്ഞു ഞെളിഞ്ഞുനടക്കുന്നവരുണ്ട്; മററു ദിവസങ്ങളിൽ എന്തു അധർമ്മവും പ്രവർത്തിക്കാൻ അവർക്കു ഒരു മടിയുമില്ല. മതതത്വങ്ങൾ ജീവിതത്തിൽ പ്രതിഫലിക്കുന്നില്ലെങ്കിൽ യഥാർത്ഥ മതവിശ്വാസിയെന്ന പേരിനു അർഹനല്ല ഒരാളും.

(ജോസഫ് വക്കീൽ പ്രവേശിക്കുന്നു. ജോണിയും കൂട്ടുകാരനും എഴുന്നേററു നില്ക്കുന്നു.)

വക്കീൽ: ഇവിടെ വലിയ വാദപ്രതിവാദം നടക്കുകയായിരുന്നു; അല്ലേ?

ക്ലാക്ക്: ജോണിയെ ഒരു പരിഷ്ക്കാരിയാക്കാൻ ഞാൻ പരിശ്രമിക്കയായിരുന്നു.

വക്കീൽ: അവൻ യഥാൎത്ഥത്തിൽ പരിഷ്കാരിയാണല്ലോ.

ക്ലാക്ക്: വക്കീൽ സാറും അവൻെറ ചേരിയിലാണോ?

വക്കീൽ: മാനേജരെ കാണുവാനാണ് ഞാനിപ്പോഠം ഇങ്ങോട്ടു വന്നത്. ആവശ്യം അതറിയണം.

ക്ലാക്ക്: ഇവിടെയില്ല. വീട്ടിലായിരിക്കും.

ജോണി: ഞാൻ വിളിച്ചുകൊണ്ടുവരാം.

വക്കീൽ: വളരെ ഉപകാരം (ജോണി പോകുന്നു.)

ക്ലാക്ക്: ജോണി അത്ര പാവമൊന്നുമല്ല. അവൻെറ ഭക്തജീവിതത്തെക്കുറിച്ചെല്ലാം ഞാൻ വളരെ പുച്ഛമായി സംസാരിച്ചു. എന്നാൽ ഞാനാണ് അവസാനം ഇളിഭ്യനായത്.

വക്കീൽ: സ്വന്തം നിലപാടിനെക്കുറിച്ച് വ്യക്തമായ ധാരണകളുണ്ട് ജോണിക്ക്. അതു എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വികാരങ്ങഠക്കൊത്തും സാഹചര്യങ്ങളനുസരിച്ചും വേഷംമാറുന്നവനല്ല അവൻ. ചില ആദൎശശകലങ്ങളെ മുറുകെ പിടിച്ചിട്ടുണ്ട്; അതു അവൻ അഭംഗം പാലിക്കയുംചെയ്യുന്നു. മനുഷ്യനെ മനുഷ്യനാക്കുന്ന ഒരു വിശിഷ്ടഗുണമാണത്; എന്നാൽ പലരും അവഗണിക്കുന്നു അവയെല്ലാം.

ക്ലാക്ക്: ക്രിസ്തുവിൻെറ സന്ദേശങ്ങഠം ശോഭനങ്ങളാണ്; സ്വീകാൎയ്യങ്ങളുമാണ്. എന്നാൽ അവയെല്ലാം രുചിച്ചിറക്കാനും സ്വജീവിതത്തിൽ പകൎത്തിയെഴുതാനും സാദ്ധ്യമല്ലെന്നാണ് എൻെറ അഭിപ്രായം.

വക്കീൽ: മനസ്സില്ലെന്നു പറയുകയായിരിക്കും പരമാൎത്ഥം. ദുഷ്പ്രവണതകളേയും ദുസ്സ്വഭാവങ്ങളേയും പിടിച്ചമൎത്തി ആദൎശങ്ങഠക്കനുയോജ്യമായ വിധത്തിൽ ജീവിക്കുവാൻ വിഷമമുണ്ട്. എന്നാൽ അപ്രായോഗികമാണെന്ന മുൻവിധിയുടെ മറയിൽ സ്വാൎത്ഥതയെ മൂടിമറയ്ക്കാൻ പണിപ്പെടുന്നതു ഉചിതമല്ല.

ക്ലാക്ക്: വക്കീൽ സാർ വക്കാലത്തു പറയുകയായിരിക്കും.

വക്കീൽ: പരിഷ്കാരത്തിൻെറ പേരിൽ മതത്തിൻെറ മൗലികതത്വങ്ങളെ കടപുഴക്കിയെറിയാൻ ഒരുമ്പെടുന്നതു് ഭോഷത്തമാണ്. പാറമേൽ അധിഷ്ഠിതമായ സഭയെ തട്ടിയുടയ്ക്കാൻ സാദ്ധ്യമല്ല മനുഷ്യരുടെ കുതന്ത്രങ്ങൾക്കും സ്വാർത്ഥതയ്ക്കും. മതോപദേശങ്ങൾ അവഗണിക്കുന്നെങ്കിൽ നമ്മുടെ ജീവിതത്തോടു തന്നെ ചെയ്യുന്ന ധിക്കാരമാണ്; ദൈവത്തിൻെറ നേരെ പുറപ്പെടുവിക്കുന്ന വെല്ലുവിളിയുമാണ്. ആരംഭകാലത്തു സഭാംഗങ്ങളിൽ ഉണ്ടായിരുന്ന പരസ്നേഹചൈതന്യമായിരുന്നു സഭയെക്കുറിച്ചു മററുള്ളവരിൽ അത്ഭുതമുളവാക്കാൻ ഇടയായതു്. എന്നാൽ ഇപ്പോൾ നമ്മുടെ ജീവിതചര്യ മററുള്ളവരിൽ സഭയുടെ നേരെ വെറുപ്പിനു കാരണമാക്കിയിരിക്കുന്നു, ജീവിതസിദ്ധാന്തങ്ങളിൽനിന്നു നാം അകന്നുപോകുന്നു. സഭയെ ഒരു പഴംചരക്കായി പരിഗണിക്കയും ചെയ്യുന്നു കത്തോലിക്കർ തന്നെ.

ക്ലാക്ക്: സഭയുടെ ആരംഭദശയിലുണ്ടായിരുന്നവരും ഈ നൂററാണ്ടിലെ ആളുകളും തമ്മിൽ വലിയ അന്തരമില്ലേ?

വക്കീൽ: ഉണ്ടു്. എന്നാൽ ക്രിസ്തുവിൻെറ പ്രബോധനങ്ങൾ എല്ലാ യുഗങ്ങൾക്കുംവേണ്ടിയുള്ളതാണ്. കാലത്തിനൊത്തു് വ്യക്തികൾക്കോ മാററിമറിയ്ക്കാവുന്നതല്ല. നമുക്കു മനസ്സുണ്ടെങ്കിൽ സഭയുടെ സിദ്ധാന്തങ്ങൾ അനുസരിച്ചു ജീവിക്കുവാൻ സാധിക്കും. അസാദ്ധ്യമായതു് ദൈവം നമ്മിൽനിന്നു ആവശ്യപ്പെടുകയില്ലല്ലോ. ഐറിഷ് ജനതയുടെ അഭിമാനഭാജനമായ ഡിവലേറ അടുത്ത കാലത്തു ഇന്ത്യയിൽ വരുന്നതിനിടയായി. ഇവിടെ എത്തിയ ഉടനെ അദ്ദേഹം അന്വേഷിച്ചറിഞ്ഞതു് അടുത്ത ദിവസം ദിവ്യബലിയിൽ പങ്കുകൊള്ളുവാൻ സൗകര്യപ്പെടുമോ എന്നാണ്. അന്നു കടമുള്ള ദിവസമായിരുന്നില്ലെന്നു മനസ്സിലാക്കുമ്പോൾ നലം തികഞ്ഞ ആ രാഷ്ട്രീയനേതാവിൻെറ മതചൈതന്യം നമുക്കു മനസ്സിലാവും. ഐസനോവരുടെ തൊഴിലാളിമന്ത്രിയായിരുന്ന മാർട്ടിൻ അനുദിനം ദിവ്യബലിയിൽ സംബന്ധിക്കയും ദി

വൃകാരുണ്യം സ്വീകരിക്കയും ചെയ്യുവരുന്നുവെന്നറിയുമ്പോൾ നിങ്ങളുടെ അഭിപ്രായങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു ബോദ്ധ്യമാകും. നമുക്കും കരണീയമായിട്ടുള്ളതു് അവരുടെ മഹനീയ മാതൃകകളാണു്.

ക്ലാക്ക്: പറയാൻ എളുപ്പമാണു്.

വക്കീൽ: ഞാനും സമ്മതിക്കുന്നു; എന്നാൽ ജീവിതക്ലേശങ്ങളേയും മററു അപകടങ്ങളേയും ധീരമായി അഭിമുഖീകരിക്കാതെ ആരെങ്കിലും വിജയിച്ചിട്ടുണ്ടോ? പരിശ്രമശാലികളാണു വിജയത്തിൻെറ വെന്നിക്കൊടി പറപ്പിച്ചവർ! രാഷ്ട്രീയരംഗത്തും ആദ്ധ്യാത്മികവേദിയിലും ജീവിതത്തിൻെറ എല്ലാ വശത്തും ഇത്തരം വിജിഗീഷുക്കളെ കാണുവാനുണ്ടു്. അവരെപ്പോലെ സന്നദ്ധത വേണമെന്നുമാത്രം. ഹൃദയവ്യഥയോടെയല്ലാതെ കത്തോലിക്കരിൽ നുഴഞ്ഞുകയറിവരുന്ന അലസമനോഭാവത്തെ സ്മരിക്കാനാവുകയില്ല. സഭ വൈദികർക്കും സന്യാസിനികൾക്കും വേണ്ടി ആണെന്നു തോന്നും പല കത്തോലിക്കരുടേയും അഭിപ്രായം കേട്ടാൽ. ഇതിൻെറ ഫലമായി ഔദ്യോഗിക കടമകൾ നിർവ്വഹിക്കേണ്ടുന്ന അവർ മററുള്ളവരോടു സഹകരിക്കുന്നതിനു ഒരു ചെറുവിരൽപോലും അനക്കുകയില്ല. പരിപൂർണ്ണത പ്രാപിക്കുകയെന്നതു് കന്യാസ്ത്രീകൾക്കും മററുമായി നീക്കിവച്ചിരിക്കയാണു് നമ്മൾ. എന്നാൽ ഒരു വി. തോമസ് മൂറും, ഇസിദോറും, വി. മരിയാ ഗൊരേത്തിയും അങ്ങനെ മററു നൂററുനൂറു വിശുദ്ധരും അൽമേനികളായിരുന്നില്ലേ എന്നു ഗ്രഹിച്ചിരുന്നെങ്കിൽ!

ക്ലാക്ക്: വക്കീൽസാറിനു ധ്യാനപ്രസംഗത്തിനും പോകാമല്ലോ?

വക്കീൽ: ധ്യാനപ്രസംഗമല്ല നിങ്ങൾക്കു വേണ്ടതു്; രണ്ടു കിട്ടണം. ഇന്നു ലോകം അധഃപതിച്ചിട്ടുണ്ടെങ്കിൽ അതോടുകൂടി നമ്മളും അധഃപതിക്കയല്ല നാശത്തിൻെറ അഗാധഗർത്തത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന ലോകത്തെ പിടിച്ചുകയററുവാൻ ശ്രമിക്കുകയാണു് വേണ്ടതു്. അന്ധകാരം ലോകത്തെ ഗ്രസിച്ചിട്ടുണ്ടെങ്കിൽ

നമ്മുടെ നല്ലജീവിതംവഴി ദിവ്യപ്രകാശം പ്രസരിപ്പിക്കാൻ ശ്രമിക്കണം.

(മാനേജരും ജോണിയും പ്രവേശിക്കുന്നു)

വക്കീൽ: ഇത്രവേഗം എത്തിയോ ?

മാനേജർ: ഇവിടേയ്ക്കു വരുമ്പോഴാണ് ജോണിയെ കണ്ടതു്.

വക്കീൽ: ഇപ്പോൾതന്നെ പുറപ്പെടാം. (പോകുന്നു)

---

## രംഗം ഏഴ്

(ജോർജ്ജ് വായനമുറിയിൽ ചിന്താമഗ്നനായിരിക്കുന്നു. അല്പം സമയം കഴിഞ്ഞിട്ട്........ഒരു ഭിക്ഷക്കാരൻ പ്രവേശിക്കുന്നു.)

ഭിക്ഷു: ധർമ്മം തരണേ, ധർമ്മം. ഈ വയസ്സനു എന്തെങ്കിലും തരണേ. നിങ്ങളെ ദൈവം അനുഗ്രഹിക്കും.

(പോളി അടുത്തുചെല്ലുന്നു)

ഭിക്ഷു: മോനെ, ധർമ്മം തരണേ.

ജോണി: എന്താണ് വേണ്ടതു്?

ഭിക്ഷു: വയസ്സനു കുരപ്പതിന്നാൻ രണ്ടണ തരുമോ?

പോളി: ഞാൻ നോക്കട്ടെ.

(അവൻെറ പെട്ടിതുറന്നു രണ്ടണ എടുക്കുന്നു.)

പോളി: ഇതാ കുരപ്പു വാങ്ങിക്കാം?

ഭിക്ഷു: നിനക്കു ഗുണംവരും.

പോളി: അപ്പൂപ്പൻ എവിടെയുള്ളതാണ്? ഞാൻ ഇതിനുമുമ്പു കണ്ടിട്ടില്ലല്ലോ.

ഭിക്ഷു: ഞാൻ മലബാറുകാരനാണ്.

പോളി: മക്കളൊരും ഇല്ലേ?

ഭിക്ഷു: അക്കാര്യമെല്ലാം പറയാതിരിക്കയാണ് നല്ലതു്. അ

തോക്കുമ്പോൾ എൻെറ ഹൃദയം കുത്തിക്കീറുന്നതുപോലെ തോന്നുന്നു. (ജോണി വന്നു ഒളിഞ്ഞുനില്ക്കുന്നു)

പോളി: എന്തേ?

ഭിക്ഷു: മോനേ നല്ല കുടുംബത്തിൽ ജനിച്ചുവളൎന്നവനാണ് ഞാൻ. ധാരാളം പണവും ഉണ്ടായിരുന്നു.

പോളി: പിന്നെ ഈ സ്ഥിതിയിൽ എങ്ങനെ വന്നു?

ഭിക്ഷു: എൻെറ മാതാപിതാക്കന്മാൎക്ക് ഞാൻ ഒരു ഏക പുത്രനേ ഉണ്ടായിരുന്നുള്ളു. അതിനാൽ എല്ലാവരും എന്നെ ഓമനിച്ചിരുന്നു. എൻെറ കുററങ്ങളെ തിരുത്തുന്നതിനു അവർ ശ്രമിച്ചില്ല. അതിൻെറ ഫലമായി ഞാൻ അനുസരണമില്ലാത്തവനായി വളൎന്നുവന്നു. വളരെ പ്രായമാകുന്നതിനുമുമ്പു ഞാനൊരു കുടിയനുമായി. എന്തിനധികം പറയുന്നു, എൻെറ സ്വത്തെല്ലാം ഞാൻ കുടിച്ചു നശിപ്പിച്ചു. എൻെറ കുഞ്ഞുമകളും അവളുടെ അമ്മയും ദാരിദ്ര്യവും മററു ദുരിതങ്ങളുമനുഭവിച്ച് മരിച്ചു; എൻെറ ഏകാശ്രമായി ശേഷിച്ചിരുന്ന മകൻ കിട്ടിയ പണവുംകൊണ്ടു നാടുവിടുകയും ചെയ്തു.

പോളി: അവൻ എവിടെ പോയി?

ഭിക്ഷു: ഒരു വിവരവുമില്ല. എൻെറ മാതാപിതാക്കന്മാരെ ഞാൻ അനുസരിച്ചില്ല. ഇപ്പോൾ എൻെറ മകനും അനുസരിക്കാതെ എന്നെ ഉപേക്ഷിച്ചുപോയിരിക്കുന്നു. മോനെ, നീ നല്ലകുട്ടിയായി വളരണം. അപ്പോൾ ദൈവം നിന്നെ അനുഗ്രഹിക്കും.

പോളി: ഇപ്പോൾ എവിടെയാണ് താമസം?

ഭിക്ഷു: വണ്ടിപേട്ടയിൽ. ഞാൻ പോകട്ടേ.

പോളി: ഇനിയും വന്നേക്കണം.

(ഭിക്ഷക്കാരൻ പോകുന്നു. ജോണി പ്രവേശിക്കുന്നു.)

ജോണി: പോളി, നീ എന്താണു ഗൗരവപൂൎവ്വം ചിന്തിച്ചുകൊണ്ടിരിക്കുന്നതു്?

പോളി: ജോണിച്ചേട്ടനോടു ഒരു കാൎയ്യം പറയാനുണ്ടു്?

ജോണി: കേൾക്കട്ടെ.

പോളി: എനിക്കും മിഷൻ ലീഗിൽ ചേരണം

ജോണി: വളരെ സന്തോഷമുണ്ട് പോളി, ഇതു കേൾക്കുവാൻ.

പോളി: നാളെ തുടങ്ങി എല്ലാദിവസവും ഞാൻ കുർബ്ബാന കാണാനും പോരാം.

ജോണി: പുള്ളി ആകെ വ്യത്യാസപ്പെട്ടുപോയല്ലോ.

പോളി: ജോണിച്ചേട്ടനെ കുററം പറഞ്ഞതിനെല്ലാം മാപ്പു തരണം.

ജോണി: മാപ്പു ചോദിക്കാനൊന്നുമില്ല. എനിക്കും തോന്നി പോളിക്കു ഇയ്യിടെയായിട്ട് എന്തോ വ്യത്യാസം വന്നിട്ടുണ്ടെന്നു്. നിൻെറ കൂട്ടുകാരേയും ലീഗിൽ ചേർക്കണം. ഈ ഇടവക മിഷൻ അരൂപി നിറഞ്ഞുതുളമ്പുന്ന ഒരു സ്ഥലമായി മാററണം.

പോളി: ജോണിച്ചേട്ടൻ പറയുന്നതനുസരിച്ചു ഞാൻ എല്ലാം ചെയ്യാൻ തയ്യാറാണു്.

ജോണി: ലിങ്കപുരത്തുകാർക്ക് ഒരു പള്ളി പണിയാൻ ആഗ്രഹമുണ്ട്. അതിനു നമുക്കു കഴിവുപോലെ സഹായിക്കണം.

(സഹോദരി വരുന്നു.)

ജോണി: പോളി മനസാന്തരപ്പെട്ടിരിക്കുന്നു.

സഹോദരി: നമ്മുടെ പോളിയോ?

ജോണി: മിഷൻലീഗിൽ ചേരാമെന്നു സമ്മതിച്ചിരിക്കയാണു്.

സഹോദരി: പോളി, നമ്മൾ രണ്ടുപേരും മിഷനുപോവുകയാണെങ്കിൽ ഇവിടെ ആരുണ്ടാകും?

പോളി: അപ്പനും അമ്മയും കൂടെ പോന്നാൽ മതിയല്ലോ (ചിരിക്കുന്നു)

ജോണി: നമുക്കു ഇവിടെ ഒരു മിഷൻ തോട്ടം ഉണ്ടാക്കണം.

പോളി: വലിയതുതന്നെ ആവട്ടെ.

ജോണി: ഞാൻ കൈക്കോട്ടുമായി ഉടനെ വന്നേക്കാം. (പോകുന്നു)

സഹോ: എത്ര നാളത്തേയ്ക്കു നിലനില്ക്കുമെന്നു കണ്ടറിയണം.

പോളി: അതെ, അതു് കാണിച്ചുതരാം?

## രംഗം എട്ട്

(മിഷൻ ലീഗു മീററിംഗ്, ജോണിയും പോളിയും വേറെ അഞ്ചുപേരുമുണ്ട്. ജോണി പ്രാൎത്ഥന ചൊല്ലുന്നു.)

ഈശോയുടെ തിരുഹൃദയമേ!

മററുള്ളവർ: നിന്റെ രാജ്യം വരേണമേ!

മാതാവിന്റെ വിമലഹൃദയമേ—ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

വി. തോമാശ്ലീഹായെ—ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

വി. ഫ്രാൻസിസ് സേവിയറേ—ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

വി. കൊച്ചുത്രേസ്യായേ—ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

(എല്ലാവരും ഇരിക്കുന്നു)

ജോണി: ഓരോരുത്തരുടേയും സുകൃതമഞ്ജരി വായിക്കുവിൻ.

(ഓരോരുത്തരായി വായിക്കുന്നു)

ജോണി: ജോസഫ് ഈ തവണ വളരെ പിന്നിലായല്ലോ?

ജോസഫ്: എനിക്കു പനിയായിരുന്നു.

ജോണി: ഞാൻ അറിഞ്ഞില്ല.

ജോസഫ്: പനിയായി കിടന്ന ദിവസങ്ങളും തലവേദനയുണ്ടായതുമെല്ലാം ഞാൻ മിഷനു കാഴ്ചവച്ചിട്ടുണ്ട്.

ജോണി: ഈ ക്ലേശങ്ങളെല്ലാം കാഴ്ചവച്ചതുകൊണ്ടു നീ വലിയൊരു മിഷൻ പ്രവൎത്തനമാണ് ചെയ്തിരിക്കുന്നത്. നമുക്കെല്ലാവൎക്കും അതു അനുകരിക്കാം.

നെല്ലൂരിലെ മിഷനറിയച്ചന്റെ എഴുത്തു കിട്ടിയിട്ടുണ്ട്. പോളി അതു വായിക്കു. (പോളി കത്തു വായിക്കുന്നു)

കുഞ്ഞുമിഷനറിമാരെ, നിങ്ങൾ അയച്ച കത്തും പണവും എനിക്കു കിട്ടി. നിങ്ങളുടെ സകല ഉപകാരങ്ങൾക്കും ഞാൻ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു. ഒരു പാത്രം പച്ചവെള്ളം തൻെറ നാമത്തിൽ കൊടുക്കുന്നവനു സമ്മാനം വാഗ്ദാനം ചെയ്തിരിക്കുന്ന ഈശോനാഥൻ നിങ്ങളുടെമേൽ സ്വർഗ്ഗീയനിക്ഷേപങ്ങൾ സമൃദ്ധിയായി വർഷിക്കട്ടെ.

ഞാനിപ്പോൾ ഒരു ഗ്രാമത്തിലെ ആളുകളെ മാമോദീസായ്ക്കു ഒരുക്കുകയാണു്. ചില നാട്ടുപ്രമാണികൾ പല പ്രതിബന്ധങ്ങളും വലിച്ചിടുന്നുണ്ടു്. എന്നെ കയ്യേററം ചെയ്യാനും അവർക്കു പ്ലാനുണ്ടെന്നു കേട്ടു. എന്നാൽ ഞാൻ ഒട്ടും അധൈര്യപ്പെടുന്നില്ല. ക്രിസ്തുനാഥനെപ്രതിയാണു് ഞാൻ അദ്ധ്വാനിക്കുന്നതു്. അവിടുന്നു എന്നെ സഹായിക്കാതിരിക്കയില്ല. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകൾ എന്നെ കൂടുതൽ ധൈര്യവാനാക്കുന്നുണ്ടു്. തുടർന്നു പ്രാർത്ഥിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം മിഷനറി.

ജോണി: ഈ മാസം നമ്മുടെ ഗ്രൂപ്പിൽനിന്നു എത്ര രൂപ കിട്ടിയിട്ടുണ്ടു്?

ജോർജ്ജ്: 4 രൂപ. എനിക്കു വേറൊരു കാര്യം പറയാനുണ്ടു്. എൻെറ അടുത്ത വീട്ടിലെ ഒരു കുട്ടി മൂന്നാം ക്ലാസ്സിലേക്കു ജയിച്ചു. പഠിക്കാൻ ആഗ്രഹമുണ്ടെങ്കിലും പുസ്തകം വാങ്ങിക്കാൻ പണമില്ല. ഇക്കാര്യം ജോണിച്ചേട്ടനോടു പറയണമെന്നു പറഞ്ഞു.

ജോണി: മററു സാധുകുട്ടികളും ഇതുപോലെ വിഷമിക്കുന്നവരായിട്ടുണ്ടാകും. ധനവാന്മാരുടെ വീടുകളിൽപോയി അവരുടെ മക്കളുടെ ഉപയോഗം കഴിഞ്ഞ പുസ്തകങ്ങൾ ചോദിച്ചുവാങ്ങി ഈ സാധുകുട്ടികൾക്കു കൊടുക്കാം.

ജോർജ്ജ്: വായനശാലയുടെ കാര്യമെന്തായി?

ജോണി: അച്ചൻ സമ്മതിച്ചു. പുസ്തകങ്ങൾ പലതും തരും. പ്രേഷിതകേരളം പ്രചരിപ്പിക്കാൻ നിങ്ങൾ ശ്രമിക്കണം.

(മിഷൻ ഗാനം)

# രംഗം ഒമ്പത്

(മാനേജരുടെ അമ്മയും പോളിയുടെ സഹോദരിയും സംസാരിച്ചു കൊണ്ടിരിക്കുന്നു.)

അമ്മൂമ്മ: ഇനി സാദ്ധ്യമല്ല. എത്രനാളായി ഇങ്ങനെ തുടങ്ങിയിട്ട്. ഇപ്പോഴും ഒരു രൂപാ നോട്ടാണ് കാണാതായിരിക്കുന്നത്.

സഹോദരി: ആര് എടുത്തിരിക്കുമെന്നാണ് അമ്മൂമ്മയ്ക്കു തോന്നുന്നത്?

അമ്മൂമ്മ: അവൻ തന്നെ.

സഹോദരി: പോളിയോ?

അമ്മൂമ്മ: അവനു എന്തിനാടീ? നിങ്ങളുടെ ജോണിയില്ലേ, അവൻ.

സഹോദരി: ജോണിച്ചേട്ടനെ എന്തിനു അനാവശ്യമായി കുററപ്പെടുത്തുന്നു?

അമ്മൂമ്മ: നീ അതേ പറയൂ. എനിക്കു അവനെ ഒട്ടും വിശ്വാസമില്ല.

സഹോദരി: എന്തു കുററമാണു കണ്ടത്?

അമമൂമ്മ: എൻെറ രൂപ വേറെ ആരാ എടുക്കുക?

സഹോദരി: എനിക്കു അറിഞ്ഞുകൂടാ. എന്നാൽ ജോണിച്ചേട്ടൻ എടുക്കാൻ വഴിയില്ല.

അമമൂമ്മ: അവനോടു ചോദിക്കാം.

സഹോദരി: അതു വേണ്ട. ജോണിച്ചേട്ടനു വിഷമം തോന്നും.

അമമൂമ്മ: പിന്നെ ആരാ എടുക്കുന്നേടി? എടാ ജോണീ, ജോണീ.

സഹോദരി: വേണ്ടന്നേ.

ജോണി: എന്തോ (പ്രവേശിക്കുന്നു) എന്തു വേണം?

അമമൂമ്മ: എൻെറ രൂപ കാണാനില്ല.

ജോണി: എവിടെ പോയി!

അമ്മൂമ്മ: എവിടെ പോയെന്നോ? നിനക്കറിഞ്ഞുകൂടേ?

ജോണി: ഇല്ല.

അമ്മൂമ്മ: നീ എടുത്തിട്ടില്ലേ?

സഹോദരി: അമ്മൂമ്മ തമാശ പറയുകയാണ്.

അമ്മൂമ്മ: തമാശ, പിന്നെ വെറുതെ ദേഷ്യപ്പെടുത്തരുത്.

ജോണി: ഞാൻ എടുത്തിട്ടില്ലല്ലോ.

(തലതാഴ്ത്തിനില്ക്കുന്നു)

സഹോദരി: ജോണിച്ചേട്ടന് എന്താണാവശ്യം?

അമ്മൂമ്മ: പണംകൊണ്ടു എന്താ ആവശ്യമെന്നു്. നിങ്ങളെല്ലാവരും ഇവനെ തലേകേററി നടന്നതാണ് ഇതിൻെറയെല്ലാം കാരണം. ജോണി സത്യം തുറന്നു പറഞ്ഞേക്ക.

(ജോണി ഒന്നും സംസാരിക്കാതെ നില്ക്കുന്നു.)

സഹോദരി: അമ്മൂമ്മ എവിടെയെങ്കിലുംവച്ചു മറന്നുപോയതായിരിക്കാം.

അമ്മൂമ്മ: നിങ്ങടെം അവനുവേണ്ടി വക്കാലത്തു പറഞ്ഞോ.

ജോണി: ഞാൻ ഒരു പൈപോലും എടുത്തിട്ടില്ല.

അമ്മൂമ്മ: രൂപ പറന്നുപോകുമോ? അവൻ വരട്ടെ; ഇതു തെളിയുമോ എന്നറിയണം.

(പോളി കടന്നുവരുന്നു)

പോളി: ജോണിച്ചേട്ടാ, ജോണിച്ചേട്ടാ?

(ജോണി സംസാരിക്കാതെ നില്ക്കുന്നു.)

പോളി: ജോണിച്ചേട്ടനു എന്തു പററി?

അമ്മൂമ്മ: നിൻെറ ജോണിച്ചേട്ടൻ എൻെറ രൂപ എടുത്തു് തരാൻ പറ.

പോളി: ആരു രൂപയെടുത്തു, ജോണിച്ചേട്ടനോ?

(ജോണിയോടു) ജോണിച്ചേട്ടനല്ല. കള്ളനെ എനിക്കറിയാം.

അമ്മൂമ്മ: ആരടാ?

പോളി: ജോണിച്ചേട്ടനല്ല.

അമ്മൂമ്മ: ആണുങ്ങളെയും പെണ്ണുങ്ങളും എല്ലാവരും അവൻെറ ഭാഗത്താണല്ലോ.

പോളി: അമമ്മൂമ്മയുടെ വയസ്സായതിനാൽ എവിടെയെങ്കിലും വച്ചു മറന്നിരിക്കണം.

അമമ്മൂമ്മ: അതേട, ഇതു ഒരു പ്രാവശ്യമല്ല ഇങ്ങനെ പോകുന്നതു്.

പോളി: അമമ്മൂമ്മയ്ക്കു രൂപകൊണ്ടു ആവശ്യമില്ലല്ലോ. മരണശേഷം എന്തിനാ രൂപാ?

അമ്മൂമ്മ: പിന്നെ തോന്നിയവൎക്കു എടുക്കാനുള്ളതാണോ എന്റെ രൂപ?

പോളി: കള്ളനെ എനിക്കറിയാം. അമമ്മൂമ്മയ്ക്കു രൂപ മടക്കി കിട്ടുകയില്ല.

സഹോദരി: ആളെ പറഞ്ഞുകൂ. അമമ്മൂമ്മ അപ്പോഴേ വിശ്വസിക്കൂ.

അമമ്മൂമ്മ: ഇതെല്ലാം നിങ്ങളുടെ ജോണിയെ രക്ഷിക്കാനുള്ള ഉപായങ്ങളല്ലേ. ഇതു ഇവിടെ വേവില്ല.

പോളി: ഞാനാണു് രൂപയെടുത്തതു്. അതു പറയാൻ ഞാൻ മറന്നുപോയതാണു് ഇതിനുമുമ്പു്.

അമമ്മൂമ്മ: എവിടെയാണു്?

പോളി: തരികയില്ലെന്നു ഞാൻ പറഞ്ഞല്ലോ.

അമമ്മൂമ്മ: അല്ലടാ ജോണി തന്നെയാണു്. വേറെ ആരുമല്ല.

പോളി: ഞാനാണെന്നു പറഞ്ഞിട്ടു വിശ്വാസമില്ല. ഇതാ ആ മിഷൻ ചെപ്പിലുണ്ടു്.

അമമ്മൂമ്മ: നീ കള്ളം പറഞ്ഞു തുടങ്ങിയോ?

പോളി: ഞാൻ കാണിച്ചുതരാം. (പോളി മിഷൻ ചെപ്പു തുറക്കുന്നു. ഒരു രൂപാ നോട്ടു പുറത്തു ചാടുന്നു.) ഇതാ നോക്കൂ.

അമമ്മൂമ്മ: ഞാനതിൽ ഇട്ടില്ലല്ലോ?

പോളി: അമമ്മൂമ്മയ്ക്കു പകരം ഞാനാണു് അതുചെയ്തതു്. സ്വൎഗ്ഗത്തിൽ നിക്ഷേപം ഉണ്ടാക്കാൻ ചെയ്ത പണിയാണു്. തരില്ല കേട്ടോ.

സഹോദരി: അമ്പടാ മിഷൻ കള്ളൻ!

## രംഗം പത്ത്

(ജോണിയും പോളിയും പ്രവേശിക്കുന്നു)

പോളി: അതാ കിടക്കുന്നു.

ജോണി: സാധു വേദനകൊണ്ടു ഞരങ്ങുകയാണ്.

(അവർ അടുത്തു ചെല്ലുന്നു)

പോളി: വലിയപ്പാ?

ജോണി: എഴുന്നേല്ക്കാൻ വയ്യേ?

ഭിക്ഷു: നടക്കാൻ സാധിക്കയില്ല. കാലിലെ വ്രണംകാരണം എന്തൊരു വേദനയാണ് അനുഭവിക്കേണ്ടി വരുന്നത്.

ജോണി: ഇന്നു ഭക്ഷണമൊന്നും കഴിച്ചില്ലെന്നു തോന്നുന്നു.

ഭിക്ഷു: രണ്ടുദിവസമായി ഭക്ഷണം കഴിച്ചിട്ട്.

പോളി: (ജോണിയോട്) നമ്മളൊന്നും കൊണ്ടുവന്നിട്ടില്ലല്ലോ.

ജോണി: ഞാൻ സമീപത്തുള്ള വീട്ടിൽനിന്നു ഭക്ഷണം കൊണ്ടുവരാം. (പോകുന്നു)

പോളി: സുഖംതോന്നുന്നുവെങ്കിൽ എഴുന്നേററിരിക്കാം.

(ഭിക്ഷു ഇരിക്കുന്നു)

പോളി: ഇതിലേ കടന്നുപോകുന്നവരാരും ഒന്നുംതരികയില്ലേ?

ഭിക്ഷു: ഇല്ല മോനേ. പാവങ്ങളുടെ നേക്കു അവക്കു ദയ വേണ്ടേ? എന്തിനു അവരെ കുററപ്പെടുത്തണം. എന്റെ നല്ലകാലത്തു സാധുക്കളെ സഹായിക്കാൻ എനിക്കു പല അവസരങ്ങളുമുണ്ടായിരുന്നു. അന്നു ഞാൻ അതു ചെയ്തില്ല. ഇപ്പോൾ അതിനെല്ലാം ഞാൻ പരിഹാരം ചെയ്യുകയാണ്.

പോളി: ഇന്നു വൈകീട്ട് ആസ്പത്രിയിൽ പോയി ഞങ്ങൾ മരുന്നു വാങ്ങിച്ചുകൊണ്ടു തരാം.

ഭിക്ഷു: ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(ജോണി കഞ്ഞിയുമായി പ്രവേശിക്കുന്നു)

ജോണി: കുറച്ചു കഞ്ഞികഴിക്കാം.

ഭിക്ഷു: നിങ്ങൾക്കു ഒന്നും തരുവാൻ എനിക്കില്ല; നന്ദിപറയാനും എനിക്കറിഞ്ഞുകൂടാ.

ജോണി: വലിയപ്പൻെറ ബുദ്ധിമുട്ടുകളെല്ലാം മിഷനുവേണ്ടി കാഴ്ചവച്ചാൽ മതി.

ഭിക്ഷു: ഞാനതു ചെയ്യുന്നുണ്ട്. അതിനാൽ എനിക്കു യാതൊരു നിരാശയും തോന്നുന്നില്ല.

ജോണി: നമ്മുടെ ദുഃഖദുരിതങ്ങൾ ദൈവത്തിനു സമർപ്പിക്കുന്നതിനേക്കാൾ ഉത്തമമായി ദൈവത്തെ സ്നേഹിക്കാൻ നമുക്കു കഴിയുന്നതല്ല.

ഭിക്ഷു: കുട്ടിക്കാലത്തിൽ ഞാനിതെല്ലാം കേട്ടിരുന്നുവെങ്കിൽ ഞാനിപ്പോൾ ഒരു മിഷനറിയച്ചനാകുമായിരുന്നുവെന്നുപോലും ഞാൻ സംശയിക്കുന്നു. എന്നാൽ അപ്പോൾ അതെല്ലാം ഞാൻ അവഗണിച്ചു. ഈ പ്രായത്തിലെങ്കിലും ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും ഇടയായല്ലോ. ഇപ്പോൾ എനിക്കു ഒരു നല്ല മരണത്തിനു ഒരുങ്ങാം, മക്കളേ, നിങ്ങൾ മരണംവരെ ഇങ്ങനെ തുടരണം, കേട്ടോ. എൻെറ മകൻ അന്തോണിക്കുട്ടിയും നല്ലവനായി വളരുമായിരുന്നു ഞാൻ അവനു ചെറുപ്പത്തിൽ നല്ല പരിശീലനം കൊടുത്തിരുന്നുവെങ്കിൽ.

ജോണി: അവനുവേണ്ടി പ്രാർത്ഥിക്കാം.

ഭിക്ഷു: മക്കളേ, എനിക്കു നിങ്ങളുടെ കയ്യിൽ ഏല്പിക്കാനുള്ളതു് ഇപ്പോൾതന്നെ തന്നേക്കാം. (പൊതി അഴിക്കുന്നു) ഇതാ ഈ പതിനഞ്ചു രൂപാ മിഷന് അയച്ചുകൊടുത്തേക്കു. എൻെറ ആകെ സമ്പാദ്യമാണ്. എനിക്കു ഇതിൽകൂടുതലായി വേറെ ഒന്നും തന്നെയില്ല.

ജോണി: വേണ്ട, വലിയപ്പനു ഈ പണംകൊണ്ടു ആവശ്യമുണ്ടാകും. മിഷന് ഞങ്ങൾ വേറെ പിരിവെടുക്കുന്നുണ്ട്.

ഭിക്ഷു:: എൻെറ ഈ ചെറിയ തുകയും നിങ്ങൾ സ്വീകരിക്കണം. എന്നെക്കുറിച്ചു നിങ്ങൾ ദുഃഖിക്കേണ്ട.

ജോണി: വികാരിയനോടു ചോദിച്ചു വേണ്ടതു ചെയ്തുകൊള്ളാം.

ഭിക്ഷു: ഒരു സഹായവുംകൂടി നിങ്ങൾ ചെയ്തുതരുമെന്നു വിശ്വസിക്കുന്നു. എന്റെ ജീവിതം ഇനി അധികം ദീർഘിക്കയില്ല. അടുത്തുതന്നെ എനിക്കു നല്ലൊരു കുമ്പസാരം കഴിക്കണം. അങ്ങനെ നല്ല മരണത്തിനു ഒരുങ്ങണം. അച്ചനെ ഈ വിവരം അറിയിച്ചു് ഇവിടേക്കു കൊണ്ടുവന്നാൽ വളരെ ഉപകാരമായിരിക്കും.

ജോണി: ഉടനെ ഞങ്ങൾ അറിയിക്കാം.

ഭിക്ഷു: നിങ്ങൾ എന്റെ മരണശേഷവും എന്നെ മറന്നുകളയരുതേ.

പോളി: ഞങ്ങൾ പ്രാർത്ഥിക്കാം.

ഭിക്ഷു: പോളി, നീയും ഒരു മിഷനറിയാവും. ഭയപ്പെടേണ്ട. ഞാൻ സമാധാനത്തിൽ മരിക്കുന്നതിനു നിങ്ങളാണു് എന്നെ സഹായിച്ചതു്. നിങ്ങൾ വഴി ഇനിയും പലരും സമാധാനം കണ്ടെത്തും.

പോളി: വലിയപ്പൻ ഇപ്പോഴൊന്നും മരിക്കയില്ല.

ഭിക്ഷു: എനിക്കു മരിക്കാൻ ഒട്ടും മടിയില്ല. ദൈവത്തിന്റെ തിരുമനസ്സു നിറവേറട്ടെ. മക്കളേ, നിങ്ങൾ അച്ചനെ വിവരം അറിയിക്കാൻ മറക്കരുതു്.

ജോണി: ഞങ്ങൾ പള്ളിയിലേക്കാണു് പോകുന്നതു്.

## രംഗം പതിനൊന്നു്

(സായാഹ്നം. ജോണി സ്കൂളിലേക്കു പോകുന്നു. വഴിമദ്ധ്യേ വിൻസെന്റിനെ കണ്ടുമുട്ടുന്നു.)

വിൻസെന്റ്: നിങ്ങൾ എന്തുചെയ്യുകയാണു്?

ജോണി: പ്രത്യേകിച്ചൊന്നുമല്ല.

വിൻ: എന്നാലും, കൊന്തചൊല്ലുകയായിരിക്കും, അല്ലേ?

ജോണി: ഇന്നു മററു ജോലികൾ ഉണ്ടായിരുന്നതുകൊണ്ടു് കൊന്തചൊല്ലുന്നതിനു സൌകര്യപ്പെട്ടില്ല.

വിൻ: തൊഴിലാളികളായ നമുക്ക ചില ദിവസങ്ങളിൽ കൊന്തചൊല്ലിയില്ലെങ്കിലും വിരോധമില്ലല്ലോ.

ജോണി: ജോലിചെയ്ത ക്ഷീണിച്ചിരിക്കുമ്പോഠ മനുഷ്യപ്രകൃതിക്ക അതു ദുഷ്ക്കരമായി തോന്നിയേക്കാം. എന്നാൽ അല്പം ത്യാഗം സഹിച്ചാലും കൊന്തചൊല്ലുന്നതുതന്നെയാണ് ഉത്തമം. നമ്മുടെ അമ്മയായ കന്യകാമറിയം നമ്മെ പ്രത്യേക അനുഗ്രഹങ്ങളാംകൊണ്ടു സഹായിക്കാതിരിക്കയില്ല. ലോകസമാധാനത്തിനും റഷ്യയുടെ മാനസാന്തരത്തിനും കൊന്ത ജപിക്കുവാനാണല്ലോ കന്യകാമാതാവ് ആവശ്യപ്പെട്ടിരിക്കുന്നതു്.

വിൻ: പരിഷ്കാരികളെന്നു അഭിമാനിക്കുന്ന ആധുനികലോകം ആദ്ധ്യാത്മികകാര്യങ്ങളെല്ലാം കൈവെടിയുകയാണു്.

ജോണി: അങ്ങനെയല്ല വിൻസെൻറ്. നമ്മുടെ ആളുകളിൽ ലൗകായതികന്മാരെ കണ്ടേക്കാം; എന്നാൽ നല്ല മനസ്ഥിതിയുള്ളവരുമുണ്ടു്. ഞാൻ പല തൊഴിലാളികളുമായി സംസാരിച്ചു. അവരോടെല്ലാം ദിവസം ഒരു കൊന്തയെങ്കിലും ചൊല്ലണമെന്നു ഞാൻ സൂചിപ്പിച്ചു. എന്നാൽ അവരിൽ പലരും കൊന്തജപിക്കുന്നവരാണ്. പണിക്കുപോകുമ്പോഴും വരുമ്പോഴും മററുവിശ്രമസമയം കിട്ടുമ്പോഴുമെല്ലാം ഓരോ രഹസ്യങ്ങളാം ചൊല്ലി ഒരു കൊന്ത മുഴുവനാക്കുന്നു.

വിൻസെൻറ്: നല്ലവരുമുണ്ടല്ലേ.

ജോണി: ഉണ്ടു്. മററുപലരേയും നമുക്ക ആദ്ധ്യാത്മികവിഷയങ്ങളിലേക്ക കൊണ്ടുവരാൻ സാധിക്കും. നമ്മളവരെ സമീപിച്ചു വിനയപൂർവ്വം വിവരങ്ങളാം അവൎക്ക വിശദമാക്കി കൊടുക്കുക മാത്രം ചെയ്താൽമതി.

വിൻസെൻറ്: ഇതു വാസ്തവമാണു്.

ജോണി: ഞങ്ങളാം പരിശ്രമിച്ചുവരികയാണ് അനുദിനം വിശ്വാസികളെ ദിവ്യബലിയിൽ പങ്കെടുപ്പിക്കുന്നതിന്. വളരെ സമയം അലസമായും കളിപറഞ്ഞും കഴിക്കുന്ന ആളുകഠാം നമ്മുടെ ഇടയിൽ ധാരാളമുണ്ടു്. സിനിമാക്കൊട്ടകയിൽ രണ്ടും മൂന്നും മ

ണിക്കുറുകൾ ചിലവഴിക്കുന്നു. എന്നാൽ പള്ളിയിൽ പോയി അരമണിക്കൂർ ചെലവഴിക്കുന്നതിനും അവരെ ഉത്സാഹിപ്പിക്കണം.

വിൻസെൻറ്: ഈ വിഷയത്തിലും ഉത്സാഹം വന്നാൽമതി പലരും പോകാൻ. അതു ദിനചര്യയിൽ ഒരു ഐറ്റമാക്കിത്തീർക്കുകയാണു വേണ്ടതു്.

ജോണി: പ്രധാന ഐറ്റം അതുതന്നെയാവണം. തൊഴിലാളികളെയാണു ഞങ്ങൾ ഇപ്പോൾ കൂടുതലായി സമീപിക്കുന്നതു്. തൊഴിലാളികളെ ക്രിസ്തുവിൻെറ ആദർശങ്ങളിലേക്കു കൊണ്ടുവരുന്നതിനു് തൊഴിലാളികൾതന്നെയാണു് ശ്രമിക്കേണ്ടതു്; അതാണു് പ്രായോഗികവും. മാർപ്പാപ്പമാർ അതിനു തൊഴിലാളികളെ ആഹ്വാനം ചെയ്യുന്നുമുണ്ടു്.

(ഡൊമിനി പ്രവേശിക്കുന്നു.)

ഡൊമിനി: നിങ്ങൾ എവിടേയ്ക്കാണു് പോകുന്നതു്?

വിൻസെൻറ്: സ്കൂളിലേക്കു്.

ഡൊമിനി: ഇന്നു് ക്ലാസ്സില്ല, ഞാൻ അവിടെ പോയിരുന്നു.

ജോണി: എന്നാൽ നമുക്കു മടങ്ങാമല്ലോ.

ഡൊമിനി: സഖാവു് ശങ്കറിനെ ഞാൻ ഇന്നു കണ്ടുമുട്ടി. ഇന്നും ഞാൻ സംസാരിച്ചു. ജോണിയെക്കുറിച്ചു നല്ലൊരു അഭിപ്രായമാണു് സഖാവിനു്. പാർട്ടിയുടെ അടിസ്ഥാനതത്വങ്ങളും മൂലപ്രമാണങ്ങളും പഠിച്ചറിയാമെന്നും, അതു നിരീശ്വരത്വവും നിമ്മതത്വവും പ്രചരിപ്പിക്കുന്നതിനാണു് നിലകൊള്ളുന്നതെങ്കിൽ അതിൽനിന്നു രാജിവെക്കാൻ ഒരുക്കമാണെന്നും സമ്മതിച്ചിട്ടുണ്ടു്.

ജോണി: പുസ്തകങ്ങളും കൊടുത്തില്ലേ?

ഡൊമി: ഉവ്വ്.

വിൻസെൻറ്: അദ്ദേഹം ആത്മാർത്ഥതയുള്ളവനാണു്. പാർട്ടിയുടെ കള്ളത്തരമൊന്നും അദ്ദേഹത്തിനു അറിവില്ല. തൊഴിലാളികളുടെ പാർട്ടിയാണെന്നു കേട്ടു. അങ്ങനെ കുടുങ്ങിയതാണു്.

ജോണി: മാതൃകാപരമായ ജീവിതം ആരുടേയും ഹൃദയ

ത്തെ ആകൎഷിക്കും. ശങ്കറിനെ സ്വാധീനപ്പെടുത്തുന്നതിനും നല്ല മാൎഗ്ഗം അതു തന്നെയാണ്.

ഡൊമിനി: സംശയമില്ല.

ജോണി: നമുക്കിപ്പോഠം പിരിയാം. കൂടുതൽ വിവരങ്ങഠം നാളെ പറയാൻ സൗകര്യപ്പെടുമല്ലോ.

## രംഗം പന്ത്രണ്ട്

(വികാരിയച്ചനും മാനേജരും സംസാരിച്ചുകൊണ്ടിരിക്കുന്നു.)

ഫാ: ജോണിക്കു വേണ്ട സഹായങ്ങഠം ചെയ്തുകൊടുത്ത് ഇവിടെ താമസിപ്പിച്ചതിനു മാനേജരോടു ഞാൻ വളരെ കൃതാൎത്ഥനാണ്.

മാനേജർ: ഇതിനു അച്ചനോടു ഞാനാണ് വാസ്തവത്തിൽ നന്ദി പ്രകാശിപ്പിക്കേണ്ടതു്. ഞങ്ങളുടെ കുടുംബത്തിൽ ക്രിസ്തീയ ചൈതന്യം ഉയൎത്തിപ്പിടിപ്പിച്ചതു് ജോണിയാണ്.

ഫാ: ഒരു സാധു തൊഴിലാളിയാണെങ്കിലും അവന്റെ സേവനങ്ങഠം എണ്ണമററതും നിസ്തുലങ്ങളുമാണ്. നമ്മുടെ ഹൃദയത്തിൽ ദൈവസ്നേഹം കത്തിജ്വലിക്കുന്നുണ്ടെങ്കിൽ മഹാ കാൎയ്യങ്ങഠം ചെയ്യാൻ സാധിക്കുമെന്നാണ് ജോണിയുടെ ഉത്തമമാതൃക നമ്മെ ഉൽബോധിപ്പിക്കുന്നതു്.

മാനേ: ജോണിയുടെ പരസ്നേഹചൈതന്യത്തിന്റെ മാററു പരിശോധിച്ചറിയുന്നതിനു എനിക്കു സന്ദൎഭം ലഭിച്ചിട്ടുണ്ടു്. പോളിയുടെ സ്വഭാവരൂപവൽക്കരണത്തിൽ അവൻ ചെലുത്തിയ സ്വാധീനശക്തി അത്ഭുതാവഹമാണ്. എന്തിന്, എന്റെ ജീവിതചൎയ്യയെത്തന്നെ പുനഃപരിശോധനം ചെയ്യുന്നതിനും അവന്റെ ജീവിതം എന്നെ ശക്തിയായി പ്രേരിപ്പിച്ചു. സുകൃതങ്ങഠം അഭ്യസിക്കലും മിഷനെ സഹായിക്കലുമെല്ലാം വൈദികരുടെ പ്രമത

ലയായി പരിഗണിക്കുന്നവരിൽ ഞാനും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ സമൂലമായൊരു പരിവർത്തനം എന്നിൽ ഉളവായെന്നു പറയുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. ഇതിനെല്ലാം ഞാൻ ജോണിയോടാണ് കടപ്പെട്ടിരിക്കുന്നത്.

ഫാ: അധ്യാത്മികദാഹവും പരസ്നേഹതൃഷ്ണയുമുള്ള കത്തോലിക്കരാണ് നമുക്കിപ്പോൾ ആവശ്യമായിരിക്കുന്നത്. കത്തോലിക്കരുടെ ജീവിത നവീകരണം അകത്തോലിക്കരിലും അക്രൈസ്തവരിലും സഭയോടു മതിപ്പും സ്നേഹവും ഉളവാക്കുന്നതിന് ഇടയാക്കാതിരിക്കയില്ല. ഫാദർ കെല്ലർ പറയുന്നതുപോലെ ഓരോ കത്തോലിക്കനും ഓരോ ക്രിസ്തുസംവാഹകൻ ആയിരുന്നുവെങ്കിൽ സമുദായരംഗത്തും മററു ജീവിതതുറകളിലും ഉണ്ടാകുമായിരുന്ന വ്യത്യാസം മഹത്തരവും അത്ഭുതാവഹവുമായിരിക്കും.

മാനേ: എനിക്കും ഈ വസ്തുത ബോദ്ധ്യമായി വരികയാണ്.

ഫാ: വൈദികൻ സുകൃതസമ്പന്നനും ഏററവും വലിയ താപസനും ആത്മാക്കൾക്കുവേണ്ടി അവിശ്രമം പരിശ്രമിക്കുന്നവനമായിരുന്നാലും അദ്ദേഹത്തിനു കടന്നുചെല്ലുവാൻ പാടില്ലാത്ത പല സാഹചര്യങ്ങളുമുണ്ട്. ഈ സാഹചര്യങ്ങളിൽ ക്രിസ്തുവിൻെറ സന്ദേശം മുഴക്കുവാൻ അത്മേനികൾക്കു നിഷ്പ്രയാസം സാധിക്കും. അതെ, ഓരോ കത്തോലിക്കനും ഒരു പ്രേഷിതനായിത്തീരുകയാണെങ്കിൽ തൊഴിൽശാലയും വിദ്യാസ്ഥാപനങ്ങളും ജീവിതത്തിലെ എല്ലാ രംഗത്തും ക്രിസ്തുവിൻെറ സന്ദേശം മുഴങ്ങുവാൻ ഇടവരുമായിരുന്നു.

മാനേ: ദുഷിച്ച ഇസങ്ങളുടെയും കള്ളപ്രവാചകന്മാരുടേയും കുപ്രചരണങ്ങൾ രൂക്ഷതരമായി അനുഭവപ്പെടുകയാണ്; എന്നാൽ അതിനു സമാനമായ ഒരു പ്രതിരോധം ആദ്ധ്യാത്മികമൂല്യങ്ങളിൽ വിശ്വസിക്കുന്നവരും മതഭക്തരും ചെയ്യുന്നില്ല.

ഫാ: ഇതിനെല്ലാം ഒരു പരിവർത്തനം വരുമെന്നു നമുക്കാശിക്കാം. ഉണർവോടെ പ്രവർത്തിക്കേണ്ട കാലഘട്ടമാണു നമ്മുടേതു്. ലോകം ക്രിസ്തുവിലേക്കു തിരിയുന്നതുവരെ നമ്മുടെ പ്രവർത്തനത്തിൻെറ ഊർജ്ജിത കുറയ്ക്കാൻ പാടില്ല.

മാനേ: എൻെറ കഴിവനുസരിച്ചു പ്രവർത്തിക്കാൻ ഞാൻ സന്നദ്ധനാണ്.

ഫാ: ജോണി ഇവിടെയില്ലേ? അവനെ വിവരം അറിയിക്കാം.

മാനേ: ഉവ്വ് ഞാൻ വിളിച്ചുകൊണ്ടുവരാം. (പോകുന്നു; അച്ചൻ പത്രം വായിക്കുന്നു.)

(പോളിയും ജോണിയും മാനേജരും പ്രവേശിക്കുന്നു. ജോണിയും പോളിയും സ്തുതിചൊല്ലുന്നു.)

ഫാ: പോളിയും ഉണ്ടോ?

പോളി: ഉവ്വ് അച്ചോ.

ഫാ: ജോണി, മിഷനുപോകുന്നതിനു നിനക്കു ഇഷ്ടമാണോ?

പോളി: ജോണിച്ചേട്ടന്റെ വലിയ ആഗ്രഹമല്ലേ അതു്.

ഫാ: എന്നാൽ ജോണിക്കു മിഷനറിയാകുവാൻ ദൈവവിളിയില്ലെങ്കിലോ?

ജോണി: അച്ചൻ അതിനെക്കുറിച്ചു ചിന്തിച്ചോ?

ഫാ: ഉവ്വ് ഞാൻ ഗൗരവപൂർവ്വം ചിന്തിച്ചു.

ജോ: മിഷനറി സഹോദരനെങ്കിലും ആകുന്നതിനു സാധിക്കുകയില്ലേ?

ഫാ: അതു അസാദ്ധ്യമാണെങ്കിലോ?

ജോണി: അതു എന്നെ വളരെ അധികം വേദനപ്പെടുത്തും. എന്നാലും അതു ദൈവഹിതമെന്നു മനസ്സിലാക്കി ഇന്നാട്ടിൽ തന്നെ നല്ല കത്തോലിക്കനായി ജീവിക്കാൻ പരിശ്രമിക്കും.

ഫാ: ദൈവതിരുമനസ്സു നിർവ്വഹിക്കുന്നതിനാണ് നീ സർവ്വപ്രധാനമായി പരിശ്രമിക്കുന്നതു് എന്നറിയുന്നതിൽ എനിക്കുള്ള ആനന്ദം സീമാതീതമാണ്, ഒരു മിഷനറി ആവുകയെന്നതു് ഒരു മികാമ്യമായൊരു പദവിയാണ്; ഉന്നതവുമാണ്. എന്നാൽ ദൈവം നമ്മിൽനിന്നു അതു പ്രതീക്ഷിക്കുന്നില്ലെങ്കിൽ അതിനല്ല നമ്മൾ ശ്രമിക്കേണ്ടതു്. മററു ചിലരെ സംബന്ധിച്ചു മിഷനറിമാരാകുവാനായിരിക്കും ദൈവാഭിലാഷം. അങ്ങനെയെങ്കിൽ അതിൽനിന്നു ഒഴിഞ്ഞുമാറാനും ശ്രമിക്കരുതു്. അതായതു് സർവ്വപ്രധാനമായി നാം ദൈവതിരുച്ചിത്തം നിർവ്വഹിക്കുന്നതിനാണ് പരിശ്രമിക്കേണ്ടതെന്നു സാരം.

ജോണി: അച്ചാ, അതു തന്നെ ഞാനും ആഗ്രഹിക്കുന്നു. പ്ര

ഥമവും പ്രധാനവുമായി ഞാനാഗ്രഹിക്കുന്നതു് നല്ലൊരു ക്രിസ്ത്യാനിയായി ജീവിക്കുന്നതിനു തന്നെയാണു്.

ഫാ: ജോണി, നിൻെറ മതചൈതന്യം പ്രശംസനീയമാണു്; വിശ്വാസം സുദൃഢമാണു്. നീ ദുഃഖിക്കേണ്ട. നിനക്കു അടുത്തുതന്നെ മിഷനു പോകാം,

പോളി: അച്ചൻ ജോണിച്ചേട്ടനെ പരീക്ഷിച്ചുനോക്കിയതാണു്.

ഫാ: ഞാൻ തന്നെ തോററുപോയി. ജോണി, എഴുത്തുകുത്തുകളെല്ലാം ഞാൻ നടത്തിക്കഴിഞ്ഞു. രണ്ടു മൂന്നു ആഴ്ചയ്ക്കുള്ളിൽ നിനക്കു പോകാം.

പോളി: എവിടേക്കാണു്?

ഫാ: പാററ്നായിലേക്ക്.

ജോണി: അപ്പൻ സമ്മതിച്ചോ?

ഫാ: അതിനെക്കുറിച്ചു ആശങ്ക വിചാരിക്കേണ്ട. അപ്പനെ കണ്ടു സംസാരിച്ചു. വിരോധം പറഞ്ഞില്ല.

ജോണി: അച്ചനോടു ഞാൻ വളരെ കൃതജ്ഞനാണു്.

ഫാ: യാത്രയ്ക്കുള്ള ഒരുക്കങ്ങളെല്ലാം ചെയ്യാം.

മാനേ: അതിനു വരുന്ന ചിലവെല്ലാം ഞാൻ വഹിച്ചുകൊള്ളാം. ഒരു മിഷനറിയെ സഹായിക്കുന്നതിനു സന്ദർഭം ലഭിച്ചതിൽ എനിക്കു സന്തോഷമുണ്ടു്.

## രംഗം പതിമൂന്നു്

(ബനാറീസ് — ആൻറോ വായിച്ചുകൊണ്ടിരിക്കുന്നു.)

ഒരാൾ പ്രവേശിക്കുന്നു:—

സ്വാമി, സ്വാമി, സുഖമില്ല സ്വാമി.

ആൻറോ: എന്തു പററി?

അപരിചിതൻ: തലയിൽ വേദന; പുറത്തു വേദന. ആവു സ്വാമി വേദന തന്നെ വേദന.

ആൻറോ: ഞാൻ കുറച്ചു മരുന്നു തരാം.

അപ. വേണം സ്വാമി വേണം.

ആൻറോ: ഇതു കഴിച്ചാൽ ആശ്വാസമുണ്ടാകും.

അപ: ഉവ്വ സ്വാമി, വേണം സ്വാമി, വേദന സ്വാമി,

(കുപ്പിയിൽനിന്നു മരുന്നു കൊടുക്കുന്നു. രോഗി കുടിക്കുന്നു.)

അപ: ഹാവു, അല്പം ആശ്വാസമായി സ്വാമി.

ആൻറോ: ഞാൻ രോഗത്തിനു പാറിയ മരുന്നാണു തന്നതു്.

അപ: അതെ, സ്വാമി. ഉപകാരം സ്വാമി (പോകുന്നു.)

(ആൻറോ വായന തുടരുന്നു)

(ഒരു സാധു പ്രവേശിക്കുന്നു.)

സ്വാമി, സ്വാമി, സ്വാമി............

ആൻറോ: എന്താണ് ബഹളമുണ്ടാക്കുന്നതു്?

സാധു: സ്വാമി, വല്ലതും തരണം സ്വാമി.

ആൻറോ: നിങ്ങൾക്കു ആരുമില്ലേ?

അപ: ഇന്നലെ അത്താഴം കഴിച്ചതാ സ്വാമി; വിശക്കുന്നു.

ആൻറോ: മക്കളാരുമില്ലേ?

സാധു: ഉവ്വ് സ്വാമി. ഒരാൾക്കു സുഖമില്ല; രണ്ടാമത്തെ മകനു ജോലിയില്ല. എന്തെങ്കിലും തരണം സ്വാമി.

(ആൻറോ ധർമ്മം കൊടുക്കുന്നു.)

സാധു: ഉപകാരം സ്വാമി. (പോകുന്നു.)

(ആൻറോ വായനതുടങ്ങിയില്ല. അപ്പോഴേക്കും മറെറാരാൾ പ്രവേശിക്കുന്നു.)

അപ: സ്തോത്രം സ്വാമി.

ആൻറോ: മനസ്സിലായില്ലല്ലോ?

അപ: ഞാൻ പേരു രാതു ഗ്രാമത്തിൽനിന്നാണു വരുന്നതു്.

ആൻറോ: എന്താ പ്രത്യേകിച്ചു്?

അപ: സ്വാമിയെ കണ്ടു ചില കാര്യങ്ങൾ പറയണമെന്നുണ്ടായിരുന്നു.

ആൻറോ: അദ്ദേഹം ഇവിടെയില്ലല്ലോ.

അപ: ഇല്ലേ, എപ്പോൾ വരും?

ആൻറോ: എപ്പോൾ വരുമെന്നു അറിഞ്ഞുകൂടാ.

അപ: ഞങ്ങൾക്കും ഞങ്ങളുടെ ഗ്രാമക്കാർക്കും മാമോദീസാ

സ്വീകരിക്കണമെന്നാഗ്രഹമുണ്ട്. സ്വാമിയോടു പലപ്പോഴായി ഞങ്ങൾ പറയുന്നു ഒരു ഉപദേശിയെയെങ്കിലും ഞങ്ങളെ നമസ്കാരം പഠിപ്പിക്കാൻ പറഞ്ഞയയ്ക്കാൻ. ഇതുവരെയും ആരേയും അയച്ചില്ല.

ആൻറോ: അതിനു സ്വാമിക്കു ആഗ്രഹമില്ലാത്തതുകൊണ്ടായിരിക്കയില്ല. അതിനു ആളുവേണ്ടേ, കഴിവും വേണ്ടേ?

അപ: ഇനിയെങ്കിലും താമസിക്കാതെ ഒരാളെ പറഞ്ഞയക്കാൻ പറയണം. ഞങ്ങളുടെ അടുത്ത ഗ്രാമക്കാർക്കും ആഗ്രഹമുണ്ട് മാമോദീസാ സ്വീകരിക്കുവാൻ.

ആൻറോ: വിളവു അധികമുണ്ട് എന്നാൽ വേലക്കാരില്ലാത്തതല്ലേ പരിതാപകരം. അച്ചൻ വരുമ്പോൾ വിവരമെല്ലാം വിശദമായിപ്പറയാം.

അപ: ഞങ്ങൾക്കു ഒരു ഉപദേശിയെ അയച്ചുതരുവാൻ തന്നെ ഏർപ്പാടു ചെയ്യണം.

ആൻറോ. ഞാൻ വളരെ ശക്തിയായി പറയാം. ഉച്ചകഴിഞ്ഞു പോയാൽ മതി വളരെ ദൂരത്തുനിന്നു വന്നതല്ലേ.

അപ: ഉച്ചകഴിഞ്ഞേ പോകുന്നുള്ളു. പള്ളിയെല്ലാം കണ്ടു ഇവിടെ വന്നേക്കാം. അപ്പോൾ സ്വാമി വന്നെങ്കിൽ കാണാമല്ലോ. (പോകുന്നു)

ആൻറോ: (ആത്മഗതം ചെയ്യുന്നു.)

ഗൗരവപൂർവ്വകങ്ങളായ വിവിധ പ്രശ്നങ്ങളാണ് ഒരു മിഷനറിയെ തുറിച്ചുനോക്കുന്നത്. ദരിദ്രകോലങ്ങൾ, നിസ്സഹായരായ രോഗികൾ ഇവരെല്ലാം ആശ്വാസമന്വേഷിച്ചു വരുന്നത് മിഷനറിയുടെ പക്കലേക്കാണ്. ഇതിനും പുറമേ ആളും അർത്ഥവുമില്ലാതെ മിഷനറി ക്ലേശിക്കേണ്ടിവരുന്നു മാനസാന്തരവേല മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കാത്തതിൽ. പല ഗ്രാമക്കാർക്കും മതോപദേശം ലഭിക്കണമെന്നു ആഗ്രഹമുണ്ട്. എന്നാൽ ഉപദേശികളില്ല, പദ്ധതിയില്ല, പണമില്ല. കേരളം ഈ രംഗങ്ങളൊന്നു കണ്ടിരുന്നുവെങ്കിൽ, മിഷനറിയുടെ ഏദയതാപത്തിൻെറ ആഴം അളന്നറിഞ്ഞിരുന്നുവെങ്കിൽ! കേരളം പ്രേഷിതപ്രബുദ്ധമായാൽ വിളവെടുക്കുന്നതിനു ആളുണ്ടാകും; പണത്തിനും വിഷമമുണ്ടാവുക

യില്ലായിരുന്നു. മിഷനറിമാരെ ആശ്വസിപ്പിക്കാൻ മച്ചനാടിന്റെ മക്കൾ മുന്നോട്ടുവരുമോ.

(തപാൽശിപായി വരുന്നു)

ശിപായി: റവ. ആൻേറാ ഇവിടെയുണ്ടോ?

ആൻേറാ: ഞാൻ തന്നെയാണ്. (എഴുത്തു വാങ്ങിക്കുന്നു)

ശിപായി: മിഷനറിയച്ചന്ന് ഒരു മണിഓർഡറുണ്ട്.

ആൻേറാ: കാണട്ടെ. പോളി അയച്ചിരിക്കുന്നതാണല്ലോ

(ആൻേറാ രൂപവാങ്ങിയശേഷം എഴുത്തു തുറന്നു വായിക്കുന്നു.)

റവ. ബ്രദർ ആൻേറാ,

അയച്ച എഴുത്തു കിട്ടി. വിവരങ്ങൾ അറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു.

എനിക്കൊരു സന്തോഷവാർത്ത ആൻേറായെ അറിയിക്കുവാനുണ്ട്. എന്റെ ഹൃദയാഭിലാഷം നൂറുനൂറു പരീക്ഷണങ്ങൾക്കും പരാജയങ്ങൾക്കും ശേഷം മലരണിയാൻ പോകയാണ്. അതെ, രണ്ടാഴ്ചയ്ക്കുള്ളിൽ ഞാൻ പാററ്നായിലേക്കു മിഷൻപ്രവർത്തനത്തിനുവേണ്ടി വണ്ടികയറും. സഹോദരനെ കാണുന്നതിനാഗ്രഹമുണ്ടെങ്കിലും അതു അസാദ്ധ്യമായിട്ടാണിരിക്കുന്നത്. എന്നാലും നമുക്കു സ്വർഗ്ഗത്തിൽവച്ചു കാണാമല്ലോ. അനുമതി. ആൻേറായുടെ വിലയേറിയ പ്രാർത്ഥനകൾക്കു ഞാൻ എന്നെന്നും കടപ്പെട്ടവനാണ്; തുടർന്നും പ്രാർത്ഥിക്കണമെന്നു അപേക്ഷിക്കുന്നു. ഈശോയുടെ ആഗ്രഹമനുസരിച്ചു ജീവിക്കുന്നതിന്ന് ഞാൻ അഭിലഷിക്കുന്നു. മററു പലരും മിഷനുപോകുവാൻ സന്നദ്ധത പ്രദർശിപ്പിക്കുന്നുണ്ട്. മിഷൻലീഗ് പ്രവർത്തനം വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ടു ഇതിനെല്ലാം.

കൂടുതൽ വിവിരം അടുത്ത എഴുത്തിൽ. പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം സ്നേഹിതൻ

കേരളത്തിൽ മഷൻചൈതന്യം രൂപമെടുക്കുന്നുവെന്നറിയുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഭാരതം ക്രിസ്തുവിനെ ആശ്ലേഷിക്കുന്ന ദിനം എന്നു സമാഗമമാകും?

## രംഗം പതിനാല്

(വികാരിയച്ചനും ജോണിനും അപ്പനും പോളിയും ബാങ്കുമാനേജരും ജോണിയുടെ സ്നേഹിതന്മാരും)

വി. അച്ചൻ: ജോണി, നിനക്കു യാത്രപറഞ്ഞു പിരിയേണ്ട സമയം സമാഗതമായിരിക്കുന്നു. ഈ സന്ദർഭത്തിൽ എന്നെ വികാരതരളിതമാക്കുന്നത് അത്ഭുതകരവും നിഗൂഢവുമായ ദൈവത്തിന്റെ പരിപാലനയെക്കുറിച്ചുള്ള വിചാരമാണ്. ജോണിയുടെ സാഹചര്യങ്ങൾ പ്രതികൂലങ്ങളായിരുന്നു. എന്നാൽ അവയെയെല്ലാം തരണം ചെയ്യുന്നതിനു ദൈവമാണ് നിന്നെ ശക്തനാക്കിയത്. നിന്റെ പരിശ്രമം വിജയമകുടം ചൂടിയതും അവിടുത്തെ അനുഗ്രഹംകൊണ്ടുതന്നെ. അനുകൂലമായ സാഹചര്യങ്ങളുണ്ടായിരുന്നിട്ടും ദൈവത്തിന്റെ ആഹ്വാനത്തെ ശ്രവിക്കാത്തവർ ജോണിയെ കണ്ടുപഠിക്കട്ടെ. ജോണീ, ഒരു കാര്യം നീ മറക്കരുത്: നീ ഈ ജീവിതത്തിലേക്കു പ്രവേശിക്കുവാൻ പോകുന്നതേയുള്ളു. അവസാനംവരെ ഉറച്ചുനില്ക്കുന്നതിനും ഉത്തമനായൊരു മിഷനറിയായിത്തീരുന്നതിനും നീ ശ്രമിക്കണം. ത്യാഗപൂർണ്ണമാണ് മിഷനറിയുടെ ജീവിതം. നൂറുനൂറു ദുരിതങ്ങൾ ഏകനായി അഭിമുഖീകരിക്കേണ്ടിവരും. മാനസാന്തരവേലയിലും വിചാരിച്ചിടത്തോളം പുരോഗതി ഉണ്ടായില്ലെന്നുവന്നേക്കാം; നിരാശനാകരുത്: ഒരു യുദ്ധവീരനെപ്പോലെ ജീവിതത്തിൽ മുന്നോട്ടു നീങ്ങുകതന്നെവേണം. നമ്മൾ പരിശ്രമിച്ചാൽമതി; ഫലം തരുന്നതു ദൈവമാണ്. അത് ഇന്നല്ലെങ്കിൽ നാളെ അവിടുന്നു നല്കാതിരിക്കയുമില്ല. മനുഷ്യർ നന്ദിഹീനത പ്രദർശിപ്പിക്കയും നിനക്കു ദുഃഖദുരിതങ്ങൾ അനുഭവപ്പെടുകയും ചെയ്യുമ്പോൾ ക്രിസ്തുനാഥൻ നിന്നെ ഉപേക്ഷിച്ചിട്ടില്ലെന്ന പരമാർത്ഥം നീ മറക്കരുത്. നീ ദൈവസ്നേഹവും പരസ്നേഹതൃഷ്ണയും ത്യാഗമനോഭാവവും ഒത്തിണങ്ങിയ ഒരു വിനീത മിഷനറിയായിത്തീരട്ടെ എന്നു ഞാൻ ആശംസിക്കുന്നു, ദൈവത്തെ പ്രാർത്ഥിക്കയും ചെയ്യുന്നു.

ജോണി: അച്ചൻെറ ബ്ളെസ്സിങ്ങ് തരണം. (മുട്ടുകുത്തുന്നു. അച്ചൻ അനുഗ്രഹിക്കുന്നു. അതിനുശേഷം ജോണി സ്വപിതാവിനെ സമീപിക്കുന്നു.)

അപ്പൻ: ജോണി, നീ എന്നെ ഓർത്തു ദുഃഖിക്കേണ്ട. നിൻെറ അമ്മയേയും സഹോദരനേയും കുറിച്ചും നീ വ്യസനിക്കേണ്ട. നിൻെറ മിഷനറിജീവിതത്തിനു അതു അപകടകരമാണ്. നമ്മൾ ദരിദ്രരാണ്. ദരിദ്രകുടുംബത്തിൽനിന്നു നിന്നെ ഈ അന്തസ്സിലേക്കു വിളിച്ച ഈശോ ഞങ്ങളെ കൈവെടിയുകയില്ല. ഇതുവരെ ഞാനാണ് നിന്നെ തടഞ്ഞുനിർത്തിയതു്. എന്നാൽ ഇതു ദൈവം നിന്നിൽനിന്നാഗ്രഹിക്കുന്നതുകൊണ്ടു് ഞാൻ ഇതിനു വഴങ്ങുന്നു. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. (ജോണി ബാങ്കു മാനേജരെ സമീപിക്കുന്നു.)

ജോണി: നിങ്ങളോടു നന്ദിപറയുവാൻ ഞാനശക്തനാണ്. എൻെറ പ്രാർത്ഥനകളിൽ നിങ്ങളേയും ഞാൻ സ്മരിക്കുന്നതാണ്. ഇതല്ലാതെ വേറെയൊന്നും നൽകുവാൻ എനിക്കില്ല.

മാനേജർ: ജോണിയോടു ഞങ്ങൾക്കാണ് കടപ്പാടുള്ളതു്. അത്യധികം സേവനം ജോണി ഞങ്ങൾക്കുചെയ്തിട്ടുണ്ടു്. (ഒരു പേർസ് നീട്ടുന്നു) ഇതാ വഴിയാത്രയ്ക്കും മററും കയ്യിലിരിക്കട്ടേ.

വി. അച്ചൻ: സംശയിക്കേണ്ട, വാങ്ങിച്ചോളൂ; പണം ഉള്ളതല്ലേ. (വാങ്ങിക്കുന്നു)

ജോണി: പോളി (രണ്ടുപേരും കരയുന്നു)

വി. അച്ചൻ: സമയമായി, ഇനി താമസിക്കേണ്ട.

പോളി: ജോണിച്ചേട്ടൻ എന്നെ മറക്കരുതു, കേട്ടോ.

ജോണി: ഇല്ലാ പോളി. (പോളി കരയുന്നു)

# ഫാത്തിമ ബാലസംഘം

**ആരംഭം:**

1950 ക്രിസ്തുമസ്സ് സുദിനത്തിൽ ഇരിഞ്ഞാലക്കുടയിൽ സമാരംഭിച്ച ഫാത്തിമാ ബാലസംഘം രണ്ടുകൊല്ലത്തെ പ്രവർത്തനത്തിന്റെ ശേഷം 1952 ജനുവരി 30-ാം തിയ്യതി തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ട് സദയം അംഗീകരിച്ചു. ബാലഹൃദയങ്ങളിൽ ദൈവസ്നേഹവും മിഷ്യൻ ചൈതന്യവും അങ്കുരിപ്പിച്ചാൽ മാത്രമേ ഭാവിയിൽ അവരിൽ ക്രിസ്തീയ ചൈതന്യം കാണപ്പെടുകയുള്ളൂ. ഇപ്രകാരം കുട്ടികളുടെ ഭാവിയെ ഉദ്ദേശിച്ച് ആരംഭിച്ചിരിക്കുന്ന ഈ സംഘം കേരളത്തിന്റെ നാനാഭാഗത്തും സ്ഥാപിച്ചാൽ കൊള്ളാമെന്നാഗ്രഹമുള്ളവരായി ധാരാളം ആളുകളുണ്ടെന്ന് ഞങ്ങൾക്കു ഗ്രഹിക്കുവാൻ ഇടവന്നിട്ടുണ്ട്. അതിനാൽ ഈ സംഘത്തിന്റെ ഒരു സംക്ഷിപ്തവിവരണം നൽകുന്നതു ഫാത്തിമാ ബാലസംഘ പ്രേമികൾക്കു ഗുണകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

**സ്ഥാപനം**

ഫാത്തിമാ ബാലസംഘം എല്ലാ ഇടവകകളിലും മററു കത്തോലിക്കാ സ്ഥാപനങ്ങളിലും സ്ഥാപിക്കാവുന്നതാണ്.

**ഉദ്ദേശ്യങ്ങൾ :**

1. കത്തോലിക്കാവിദ്യാഭ്യാസം ലഭിക്കുവാൻ സാധിക്കാത്ത വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മതപരമായ ജ്ഞാനം നല്കുക.

2. ലോകസമാധാനം കൈവരുത്തുക;

3. "പാപികളുടെ മാനസാന്തരത്തിനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ! പ്രായശ്ചിത്തം അനുഷ്ഠിപ്പിൻ" എന്ന ഫാത്തിമാ സന്ദേശത്തെ പ്രാവർത്തികമാക്കുക;

4. അംഗങ്ങളുടെ ആത്മ വിശുദ്ധീകരണത്തിനും അവരുടെ നിത്യരക്ഷ സുരക്ഷിതമാക്കുന്നതിനും യത്നിക്കുക;

5. മതബോധമില്ലാതെ തെരുവുകൾതോറും അലഞ്ഞുതിരിഞ്ഞു നടക്കുന്ന ബാലികാബാലന്മാരെ സദുപദേശങ്ങളാലും സന്മാതൃകയാലും ഉത്തമ കത്തോലിക്കരാക്കിത്തീർക്കുക.

6. അംഗങ്ങളിൽ അനുസരണവും ദൈവസ്നേഹവും വർദ്ധിപ്പിക്കുകയും അവരിൽ മിഷ്യൻ ചൈതന്യം ഉളവാക്കുകയും ചെയ്യുക.

ഇടവകസംഘം സ്ഥാപിക്കേണ്ടതെങ്ങനെ?

1. ഇടവക വികാരിയുടെ രക്ഷാധികാരത്തിലും ഒരു അൽമേനിയുടെ നേതൃത്വത്തിലും ഇടവകയിലെ ബാലികാബാലന്മാരിൽ ഈ സംഘത്തിൽ ചേരുവാൻ ആഗ്രഹമുള്ളവരെ ചേർത്ത് ഈ സംഘം രൂപവൽക്കരിക്കുന്നു.

2. സംഘത്തിൻെറ പ്രവർത്തനങ്ങൾക്ക് ജ്ഞാനോപദേഷ്ടാവ്, പ്രീഫക്ട്, അസിസ്റ്റൻറ് പ്രീഫക്ട്, സിക്രട്ടറി, അസിസ്റ്റൻറ് സിക്രട്ടറി എന്നിവർ ഉണ്ടായിരിക്കണം.

3. ആത്മീയോപദേഷ്ടാവ്, ഇടവക വികാരിയോ അദ്ദേഹത്താൽ നിശ്ചയിക്കപ്പെടുന്ന ഒരു വൈദികനോ ആയിരിക്കും. അദ്ദേഹമാണ് പ്രീഫക്ടിനെ തെരഞ്ഞെടുക്കുന്നത്.

4. പ്രീഫക്ട് ആത്മീയോപദേഷ്ടാവിൻെറ അനുമതിയോടും ആലോചനയോടുംകൂടി മററു ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു.

5. 12 പേർ വീതമുള്ള ഓരോ ഗ്രൂപ്പ് രൂപീകരിക്കുകയും ഓരോ ഗ്രൂപ്പിനും ഓരോ ലീഡറെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഓരോ ഗ്രൂപ്പും ഓരോ പുണ്യവാന്മാരുടെ പേരിൽ വിളിക്കപ്പെടുന്നു.

6. ഒരു ശാഖ ഒരിടത്തു സ്ഥാപിതമായാൽ ഒരു മാസത്തിനകം വിവരം സെൻട്രൽ ഓഫീസിൽ അറിയിക്കേണ്ടതാണ്.

നിയമങ്ങൾ:

1. സംഘത്തിലെ അംഗങ്ങൾ മാതാവിൻെറ നേരെ പ്രത്യേകം ഭക്തിയുള്ളവരായിരിക്കണം.

അംഗങ്ങൾക്ക് ഫാത്തിമാനാഥയോടു തീവ്രമായ ഭക്തിയും സാക്ഷാത്തായ ബഹുമാനവും പുത്രനിർവ്വിശേഷമായ സ്നേഹവും

ഉണ്ടായിരിക്കണം. മാതാവിന് പ്രതിഷ്ഠി[torn]യിരിക്കുന്ന മേയ് മാസത്തിൽ സംഖ്യാംഗങ്ങൾ പൂക്കളും മ[torn]ും ശേഖരിച്ചു മാതാവിന്റെ പീഠം അലങ്കരിക്കുന്നതിനും മറ[torn] ഉത്സുകരായിരിക്കണം. മാതാവിന്റെ ബഹുമാനാർത്ഥം നടത്തപ്പെടുന്ന എല്ലാ ഭക്തകൃത്യങ്ങളിലും ഭാഗഭാക്കുകളാകുവാൻ ജാഗ്രൂകരായിരിക്കേണ്ടതാണ്.

2. ആദ്യശനിയാഴ്ച അംഗങ്ങളെല്ലാവരും ദിവ്യകാരുണ്യം സ്വീകരിക്കുകയും ഫാത്തിമാ നാഥയുടെ ആഗ്രഹപ്രകാരം പ്രാർത്ഥിക്കുകയും വേണം.

3. അംഗങ്ങൾ ദിവസവും പാപികളുടെ മാനസാന്തരത്തിനായി ഓരോ ജപമാലയും അമലോത്ഭവ മാതാവിന്റെ സ്തുതിക്കായി മൂന്നു നന്മനിറഞ്ഞ മറിയവും "ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട സമാധാനത്തിന്റെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ" എന്ന സുകൃതജപവും ചൊല്ലണം.

4. ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസങ്ങളിൽ ജ്ഞാനവായനയും ഉപദേശവും നടത്തേണ്ടതാണ്.

5. മാസത്തിൽ ഒരു നിശ്ചിത ദിവസം സംഘത്തിന്റെ ഒരു മീററിംഗ് നടത്തേണ്ടതാണ്.

6. സംഘത്തിന്റെ ഉപദേശങ്ങൾക്കും മീററിംഗുകൾക്കും മുമ്പായി പരിശുദ്ധാരൂപിയോടുള്ള പ്രാർത്ഥന നടത്തേണ്ടതും അവസാനത്തിൽ വി. ബർണർദോസിന്റെ ജപം ചൊല്ലേണ്ടതുമാണ്.

7. ഫാത്തിമാനാഥയുടെ പ്രത്യേക സഹായത്താൽ ഫാത്തിമാ സന്ദേശാനുസരണം വർത്തിക്കുവാൻ സന്നദ്ധരായിട്ടുള്ളവരും ദിവ്യകാരുണ്യം സ്വീകരിച്ച് 16 വയസ്സുവരെ ആയിട്ടുള്ളവരുമായ എല്ലാ ബാലന്മാരേയും സംഘത്തിൽ ചേർക്കാവുന്നതാണ്.

8. അംഗങ്ങളിൽ കാണുന്ന സ്വഭാവദൂഷ്യങ്ങളേയും മററു വൈകല്യങ്ങളേയും അസിസ്റ്റൻറ് പ്രീഫക്ടും കാര്യദർശിയും അപ്പോഴപ്പോൾ പ്രീഫക്ടിനെ അറിയിക്കേണ്ടതും പ്രീഫക്ട് വേണ്ടുന്ന ഉപദേശം നല്കേണ്ടതുമാണ്. എത്രതന്നെ ഉപദേശിച്ചിട്ടും ഫലമില്ലെങ്കിൽ പ്രീഫക്ട്, വിവരം ജ്ഞാനോപദേഷ്ടാവിനെ അറിയിക്കേണ്ടതും അദ്ദേഹത്തിന്റെ അഭിപ്രായം അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.

9. സംഘ ൻെറ നടത്തിപ്പിന് ആവശ്യമുള്ള പണം പൊതുജനങ്ങളി ാതെ ം സംഭാവനയായിട്ടോ മറേറതെങ്കിലും തരത്തിലോ പിര ന്നതാണ്. സഖ്യാംഗങ്ങളിൽനിന്നു ഒരു നിശ്ചിത വരിസംഖ്യ പിരിക്കുന്നതിന് സംഘത്തിന് ഉദ്ദേശമില്ല.

10. കൊല്ലത്തിൽ ഒിക്കൽ ഫാത്തിമാ ബാലസംഘത്തിൻെറ ആഭിമുഖ്യത്തിൽ ഒരു മിഷൻ സമ്മേളനം നടത്തുകയും സമ്മേളനത്തിൽ മിഷൻ പ്രവർത്തനത്തിനായി പണം പിരിക്കുകയും വേണം.

പ്രവത്തനം:

1. ഓരോ പീടികയിലും വീട്ടിലും മിഷൻപെട്ടി വയ്ക്കുകയും ചില നിശ്ചിത ദിവസങ്ങളിൽഅതിൽനിന്നു പണം ശേഖരിക്കുകയും ചെയ്യേണ്ടതാണ്.

2. വേദോപദേശത്തിന് പോകാത്ത കുട്ടികളെ കണ്ടുപിടിച്ച് അവരെ വേദപഠനത്തിന് പ്രേരിപ്പിക്കണം.

3. മിഷൻ കോഴികൾ, മിഷൻ തോട്ടങ്ങൾ എന്നിവയെ സംഘം പ്രോത്സാഹിപ്പിക്കുകയും ആവശ്യമെങ്കിൽ സംഘചിലവിൽ മിഷൻകോഴികളെ വാങ്ങിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

4. മാസാദ്യശനിയാഴ്ച സഖ്യാംഗങ്ങൾ ഒരു കൊന്തപ്രദക്ഷിണം നടത്തുകയും അതിൽ മററു വിശ്വാസികളെ ഭാഗഭാക്കുകളാക്കുവാൻ പരിശ്രമിക്കുകയും വേണം.

N. B. സംഘത്തിൻെറ നിയമാവലിയും സഖ്യാംഗങ്ങൾക്കു ആവശ്യമുള്ള മെഡലും ഹെഡ് ഓഫീസ്സിലേയ്ക്കു എഴുതിയാൽ ലഭിക്കുന്നതാണ്. മെഡൽ ഒന്നിന് വില ഒരണ.

മരിയൻ വത്സരം പ്രമാണിച്ച് 1954 ഡിസംബർ 8-ാംതിയതി പരിശുദ്ധതിതാവ് വഴി ദിവ്യജനനിയ്ക്കു സമർപ്പിക്കുവാനുള്ള സുകൃതമജ്ഞരിയുടെ കോപ്പികളും ഹെഡ് ഓഫീസിൽനിന്ന് ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് എഴുതുക:—

ഡ്രിംഹെക്ക് ഫാത്തിമാ ബാലസംഘം,

ദൈവപരിപാലനഭവനം

ഇരിഞ്ഞാലക്കുട.

DC Library
*00002871*
T62 M69

# മിഷനിലേക്ക്

(പ്രഹസനം)



T62
M69